I. ഇ.ബി. XV-കേരള നിയമസഭ/XIII-21

**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 മാർച്ച് 24, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### സർക്കാർ ആശുപത്രികളിലെ ചികിത്സാപ്പിഴവും മരുന്നുക്ഷാമവുംമൂലം ആരോഗ്യമേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധി

മി. സ്പീക്കർ: കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സാപ്പിഴവിനെത്തുടർന്ന് രോഗി മരിച്ച സംഭവവും സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമവുംമൂലം ആരോഗ്യമേഖലയിൽ പ്രതിസന്ധിയുളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ

നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ പി. സി. വിഷ്ണുനാഥ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): കേരളത്തിലെ ആരോഗ്യമേഖല മികച്ച പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ആരോഗ്യ സൂചികകളിൽ കേരളം ഒന്നാമതാണ്. വർഷങ്ങൾക്കുമുമ്പ് നടന്ന സംഭവങ്ങളാണ് നോട്ടീസിൽ ഉന്നയിച്ചിരിക്കുന്നത്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ശസ്ത്രക്രിയ നടത്തിയ രോഗിയുടെ വയറ്റിൽ സർജിക്കൽ മോപ് കണ്ടെത്തിയതുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണം നടത്തുകയും കോടതി വിധിയുടെ അടിസ്ഥാനത്തിൽ വകുപ്പുതല നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ഐ.എം.സി.എച്ച്. ആശുപത്രിയിൽ താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെ ഗർഭാശയം നീക്കം ചെയ്ത രോഗി ചികിത്സയിലിരിക്കെ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് അന്വേഷണ സമിതി സമർപ്പിച്ച റിപ്പോർട്ട് മെഡിക്കൽ വിദ്യാഭ്യാസ

ഡയറക്ടർതലത്തിൽ പരിശോധിച്ചുവരികയാണ്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്നും നഷ്ടപ്പെട്ട പരിശോധനാ സാമ്പിളുകളും രജിസ്റ്ററും പോലീസ് സഹായത്താൽ കണ്ടെടുക്കുകയും ഉത്തരവാദിയായ ജീവനക്കാരനെ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്ന് ദൗർലഭ്യം അനുഭവപ്പെടുന്നില്ല. മരുന്നുവാങ്ങുന്നതിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച ബജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് ബജറ്റ് വിഹിതം കൂടാതെ 300 കോടി രൂപ അധികമായി അനുവദിച്ച് ആശുപത്രികൾക്ക് നൽകിയിട്ടുണ്ട്. ഒറ്റപ്പെട്ട സംഭവങ്ങളെ മുൻനിർത്തി കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനത്തെ മുഴുവൻ ഇകഴ്ത്താൻ ശ്രമിക്കുന്നത് ആശാസ്യമല്ല. സംസ്ഥാനത്തെ പ്രധാനപ്പെട്ട മെഡിക്കൽ കോളേജുകളിൽ ഓരോന്നിലും പ്രതിമാസം നാലായിരത്തോളം സർജറികൾ നടത്തുന്നുണ്ട്. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽമാത്രം പ്രതിവർഷം പത്ത് ലക്ഷത്തിലേറെ രോഗികളാണ് ചികിത്സയ്ക്കായി എത്തുന്നത്. വൻകിട സ്വകാര്യ ആശുപത്രികളിൽമാത്രം ലഭ്യമാക്കിയിരുന്ന പല ആധുനിക സൗകര്യങ്ങളും ഇന്ന് സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ

സാധാരണക്കാർക്ക് ലഭ്യമാകുന്നുണ്ട്. ഈ വസ്തുതകൾ കണക്കിലെടുക്കാതെ ആരോഗ്യപ്രവർത്തകരുടെ മനോവീര്യം തളർത്തുന്ന പ്രസ്താവനകൾ നടത്തുന്നത് അനുചിതമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർക്കാർ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും സംഭവിച്ച ഗുരുതരമായ വീഴ്ചകൾ ഒറ്റപ്പെട്ട സംഭവമായി സർക്കാർ വിലയിരുത്തിയത് ഖേദകരമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഗർഭാശയം നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയയ്ക്കായി എത്തിയ രോഗി ചികിത്സാപ്പിഴവിനെത്തുടർന്ന് മരണപ്പെട്ടതും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയയ്ക്കുശേഷം രോഗ നിർണ്ണയത്തിനയച്ച സാമ്പിളുകൾ മോഷണം പോയതും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ലിഫ്റ്റിൽ രോഗി 42 മണിക്കൂർ കുടുങ്ങിക്കിടന്നതും ചാലക്കുടിയിലെ 10 വയസ്സുള്ള പെൺകുട്ടി മരണപ്പെട്ടതുമുൾപ്പെടെയുള്ള വിവിധ സംഭവങ്ങൾ ആരോഗ്യ വകുപ്പിന്റെ അനാസ്ഥയാണ് ചൂണ്ടിക്കാണിക്കുന്നത്. സംസ്ഥാനത്ത് രോഗികൾ സ്വകാര്യ ആശുപത്രികളെ കൂടുതലായി ആശ്രയിക്കുന്ന സാഹചര്യം സംജാതമായിരിക്കുകയാണ്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വാർഡുതല ശുചിത്വ സംവിധാനം പ്രതിസന്ധിയിലായിരിക്കുകയാണ്. കാരുണ്യ

ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് കുടിശ്ശികയുള്ളതിനാൽ സ്വകാര്യ ആശുപത്രികൾ രോഗികൾക്ക് ചികിത്സ നൽകാൻ തയ്യാറാകുന്നില്ല. സർക്കാർ ആശുപത്രികളിൽ മരുന്നുക്ഷാമം രൂക്ഷമാണ്. കരാറുകാർക്ക് കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക നൽകാനുള്ളതിനാൽ മരുന്ന് സംഭരണം പ്രതിസന്ധിയിലായിരിക്കുകയാണ്. മെഡിക്കൽ കോളേജുകളിൽ വിദഗ്ധ ഡോക്ടർമാരടക്കം വിവിധ വിഭാഗം ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കണം. സംസ്ഥാനത്തുനിന്നും നിർമാർജ്ജനം ചെയ്യപ്പെട്ട പല പകർച്ചവ്യാധികളും തിരിച്ചുവരികയാണ്. ഇത്തരത്തിൽ ആരോഗ്യമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ അടിയന്തര ഇടപെടൽ നടത്തണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. എം. ബി. രാജേഷ്:</u> മാതൃ-ശിശുമരണനിരക്ക് ദേശീയ ശരാശരിയെക്കാൾ കുറയ്ക്കാനായതും ആശുപത്രിയിൽ ചികിത്സ ലഭിക്കുന്ന രോഗികളുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ വർധിച്ചതും കേരളത്തിലെ ആരോഗ്യ മേഖലയുടെ മികവിനെയാണ് കാണിക്കുന്നത്. സംസ്ഥാനത്ത് 30 ലക്ഷം പേർക്ക് 7000 കോടി രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാക്കി. സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും

എറണാകുളം ജില്ലാ ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയയും ഹൃദയം തുറക്കാതെ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടത്താനുള്ള സൗകര്യം ഏർപ്പെടുത്തി. Robotic, G Gaiter സാങ്കേതികവിദ്യകളിലൂടെ ചികിത്സ നൽകിയതും ഓപ്പറേഷൻ അമൃത്, കെയർ പദ്ധതി എന്നിവ നടപ്പാക്കിയതും വിപ്ലവകരമായ മാറ്റമാണ്. സംസ്ഥാനത്തെ 202 സർക്കാർ ആശുപത്രികൾക്ക് National Quality Assurance Standard അംഗീകാരം, 12 ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കറ്റ്, 3 മെഡിക്കൽ കോളേജുകൾക്ക് MusQan Certificate, എസ്.എ.ടി. ആശുപത്രിക്ക് Centre of Excellence അവാർഡ് എന്നിവ ലഭിക്കുകയും നീതി ആയോഗിന്റെ ദേശീയ സൂചികയിൽ കേരളം ഒന്നാമതെത്തുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനം കുറ്റമറ്റതും കാര്യക്ഷമവുമായാണ് പ്രവർത്തിക്കുന്നത്. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, ശ്രീമതി കെ. കെ. രമ എന്നീ

പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

### (1) വൻകിട നിർമ്മാണ പദ്ധതികളിൽ നൂതന സാങ്കേതികവിദ്യകൾ അവലംബിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സംസ്ഥാനത്ത് പുരോഗമിക്കുന്ന ദേശീയ-സംസ്ഥാന പാതകൾ, പ്രാദേശിക റോഡുകൾ, പാലങ്ങൾ ഉൾപ്പെടെയുള്ള വൻകിട നിർമ്മാണ പദ്ധതികളിൽ നൂതന സാങ്കേതികവിദ്യകൾ അവലംബിക്കുന്നതിനും കെട്ടിട നിർമ്മാണരംഗത്ത് ബിൽഡിങ് ഇൻഫർമേഷൻ മോഡലിങ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നതിനും വകുപ്പുതലത്തിൽ എഞ്ചിനീയർമാർക്ക് പ്രായോഗിക പരിശീലനം നൽകി സ്ട്രക്ചറൽ, ആർക്കിടെക്ചറൽ സേവനങ്ങൾ സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും പരിസ്ഥിതിസൗഹൃദ നൂതന സാങ്കേതികവിദ്യകൾ പൊതുമരാമത്ത് മാന്വലിൽ ഉൾപ്പെടുത്തുകയും പ്രൈസ്

സോഫ്റ്റ്‌വെയറിലുൾപ്പെടെ ആവശ്യമായ മാറ്റം വരുത്തുകയും ചെയ്യണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): റോഡുകൾ, പാലങ്ങൾ, കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ നൂതന നിർമ്മാണരീതികൾ ഉൾപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്യുന്നുണ്ട്. റോഡ് നിർമ്മാണത്തിന് നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ, പ്ലാസ്റ്റിക്, കയർ ഭൂവസ്ത്രം, Prefabricated Vertical Drain (PVD), വൈറ്റ് ടോപ്പിങ്, Cold in-place Recycling തുടങ്ങി കാലാവസ്ഥയെ അതിജീവിക്കാനും കൂടുതൽ കാലം ഈട് നിൽക്കാനും സഹായകരമാകുന്ന നിർമ്മാണ രീതികൾ ഉപയോഗിച്ചുവരുന്നു. Full-Depth Reclamation (FDR) റോഡ് സംസ്ഥാന വ്യാപകമായി നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. നിർമ്മാണച്ചെലവ് കുറയ്ക്കാനുതകുന്ന Precast post Tensioned, Extradosed Bridge, PSC (Prestressed Concrete) Box girder തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പാലം ഡിസൈനിങ്ങിൽ ഉപയോഗിക്കുന്നുണ്ട്. കെട്ടിടനിർമ്മാണ മേഖലയിൽ ബിൽഡിങ് ഇൻഫർമേഷൻ മോഡലിങ് വ്യാപകമായി ഉപയോഗപ്പെടുത്താൻ ആർക്കിടെക്ചറൽ വിങ്ങിന് നിർദേശം നൽകിയിട്ടുണ്ട്. ഡിസൈൻ മേഖലയിൽ ആർട്ടിഫിഷ്യൽ

ഇന്റലിജൻസ് ഉപയോഗപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരികയാണ്. സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ കെ.എച്ച്.ആർ.ഐ.-യുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനാണ് ശ്രമിക്കുന്നത്. കെ.എച്ച്.ആർ.ഐ.-യിൽ 125 എൻ.എ.ബി.എൽ. അക്രെഡിറ്റഡ് പരിശോധനകൾ നടത്താനാകും. പരിസ്ഥിതിക്ക് അനുയോജ്യവും കാലാവസ്ഥാ വ്യതിയാനത്തെ മറികടക്കുന്നതും പ്രതിരോധിക്കുന്നതുമായ നിരവധി പഠനങ്ങൾ ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നുവരുന്നു. കാലാവസ്ഥാ വ്യതിയാനംമൂലം റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നതിന്റെ കാരണങ്ങൾ കണ്ടെത്തി പ്രതിവിധികൾ നിർദ്ദേശിക്കാനുള്ള ഗവേഷണത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കുകയും രണ്ടാംഘട്ടം അന്തിമഘട്ടത്തിലുമാണ്. തീരദേശ നിർമ്മിതികളുടെ സർവീസ് ലൈഫ് മെച്ചപ്പെടുത്തുന്നതിനുള്ള പഠനം മദ്രാസ് ഐ.ഐ.ടി.-യുമായി സഹകരിച്ച് നടത്തിവരുന്നു.

## (2) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ ഉപയുക്തമാക്കൽ

ശ്രീ. മഞ്ഞളാംകുഴി അലി: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിലുണ്ടാകുന്ന അപ്രതീക്ഷിത കുതിപ്പ് മാനവരാശിയുടെ ടെക്നിക്കൽ നോളജിനെയും ജീവിതനിലവാരത്തെയും മെച്ചപ്പെടുത്തിയിട്ടുണ്ട്.

മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും ഒഴിച്ചുകൂടാനാകാത്ത ഒന്നായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മാറിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസനത്തിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയുക്തമാക്കുന്നതിനും അതിലൂടെ തൊഴിൽ നഷ്ടപ്പെടുന്നവർക്ക് പുതിയ തൊഴിൽ മേഖല കണ്ടെത്തുന്നതിനും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വികസന ദൗത്യത്തിന് ബജറ്റിൽ തുക വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നിർമ്മിത ബുദ്ധിയുടെ വിനിയോഗം വ്യാപകമായതോടെ ലോകത്തെ മാറ്റിമറിച്ച ശാസ്ത്ര കണ്ടെത്തലുകളുണ്ടാകുകയും ഉൽപാദന ക്ഷമത വർധിക്കുകയും തൊഴിൽ നഷ്ടമുണ്ടാവുകയും ചെയ്തിട്ടുണ്ട്. ചരിത്രത്തിൽനിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ടും സാധ്യതകളും അതുയർത്തുന്ന വെല്ലുവിളികളും മനസ്സിലാക്കിയുമാണ് നിർമ്മിത ബുദ്ധിയെന്ന നൂതന സാങ്കേതികവിദ്യയെ പ്രായോഗികമായി സമീപിക്കുന്നത്. ഈ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ ഡിജിറ്റൽ യൂണിവേഴ്സിറ്റി, ICFOSS (International Centre for Free and Open Sources Software) എന്നീ സ്ഥാപനങ്ങൾ നടത്തിവരികയും സർവകലാശാലകളിൽ പരിശീലന പദ്ധതികൾ ആരംഭിക്കാൻ ലക്ഷ്യമിടുകയും ചെയ്യുന്നു. ആർട്ടിഫിഷ്യൽ ഇൻഗ്രീഡിയന്റ്സ്

ഡാറ്റാ സയൻസ് തുടങ്ങിയ നൂതന കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. വിവര സാങ്കേതികവിദ്യ സേവന മേഖലയിൽ തൊഴിൽ നഷ്ടമുണ്ടാകാനുള്ള സാധ്യത മനസ്സിലാക്കി പുതുതലമുറ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് മുൻഗണന നൽകും. നിർമ്മിത ബുദ്ധി മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ് പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഗ്രാഫിക് പ്രോസസ്സിങ് യൂണിറ്റ് ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് കേരള സ്റ്റാർട്ടപ് മിഷന് 10 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ദേശീയതലത്തിൽ ഏജന്റിക് ഹാക്കത്തോൺ സംഘടിപ്പിച്ച് തിരഞ്ഞെടുക്കുന്ന 5 ഏജന്റുകൾ നിർമ്മിക്കാൻ 20 ലക്ഷം രൂപ വീതം നൽകുന്നതിനായി സ്റ്റാർട്ടപ്പ് മിഷന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ടെക്നോസിറ്റിയിൽ എമർജിങ് ടെക്നോളജി ഹബ്ബ് നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കരട് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നയം രൂപീകരിച്ചുവരുന്നു.

## III സബ്മിഷൻ

### (1) കൊച്ചി മെട്രോ ചാലക്കുടി വരെ ദീർഘിപ്പിക്കൽ

ശ്രീ. സനീഷ്കുമാർ ജോസഫ്: കൊച്ചി മെട്രോ റെയിൽ പദ്ധതി ചാലക്കുടിവരെ ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണം നടന്നുവരികയും മൂന്നാംഘട്ടത്തിന്റെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കിവരികയുമാണ്. മറ്റ് നിർദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

(2) കർഷകരുടെ ജപ്തി നടപടി നിർത്തിവയ്ക്കുന്നതിനുള്ള നടപടി

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: പ്രകൃതി ദുരന്തമുൾപ്പെടെയുള്ള വിവിധ കാരണങ്ങൾകൊണ്ട് തിരിച്ചടയ്ക്കാൻ സാധിക്കാത്ത കർഷക വായ്പകളുടെ പലിശയും കൂട്ടുപലിശയും ഗവൺമെന്റ് ഏറ്റെടുക്കുകയും വായ്പാത്തുക ഗഡുക്കളായി അടച്ചുതീർക്കുന്നതിനുള്ള സാഹചര്യമൊരുക്കുകയും ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തുകയും വേണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സഹകരണ മേഖലയിലെ വായ്പകളുടെ കാര്യത്തിലാണ് ഗവൺമെന്റിന് കാര്യമായ ഇടപെടൽ നടത്താൻ സാധിക്കുന്നത്. സംസ്ഥാന ബജറ്റിൽ കാർഷിക കടാശ്വാസ കമ്മീഷൻ ഗ്രാന്റിനത്തിൽ നീക്കിവച്ച 22.86 കോടി രൂപയിൽ 10.36 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ദേശസാൽകൃത ബാങ്കുകളിലെ വായ്പാതിരിച്ചടവുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്താൻ ഗവൺമെന്റിന് പരിമിതിയുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി

യോഗത്തിൽ ഇക്കാര്യം ഉന്നയിക്കുന്നതാണ്.

(3) വള്ളക്കടവ് പാലത്തിന്റെ പുതുക്കിയ ഭരണാനുമതി

ശ്രീ. ആന്റണി രാജു: തിരുവനന്തപുരം ജില്ലയിലെ വള്ളക്കടവ് പാലം പുനർനിർമ്മിക്കാനുള്ള പുതുക്കിയ ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): തിരുവനന്തപുരം ജില്ലയിലെ വള്ളക്കടവ് പാലം പുനർനിർമ്മാണത്തിനുള്ള 58 കോടി രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ ധനകാര്യവകുപ്പ് പരിശോധിക്കുകയും സി.റ്റി.ഇ. സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് 55.50 കോടി രൂപയായി പുതുക്കി നിശ്ചയിച്ച് അംഗീകാരം നൽകി ഭരണവകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(4) വിവിധ ക്ഷേമപെൻഷനുകളിലെ തുക വ്യത്യാസം

ശ്രീ. ലിന്റോ ജോസഫ്: കേന്ദ്ര ഗവൺമെന്റ് വിഹിതം ലഭിക്കാത്തതുമൂലം വിവിധ ക്ഷേമപെൻഷൻ തുകകളിൽ വന്നിട്ടുള്ള വ്യത്യാസം പരിഹരിക്കുന്നതിനും പഴയ നിലയിൽ ക്ഷേമപെൻഷൻ

വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സംസ്ഥാനത്തെ വിവിധ സാമൂഹ്യസുരക്ഷ പെൻഷനുകളിലുൾപ്പെടുന്ന ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല, വികലാംഗ പെൻഷനുകൾ ലഭിക്കുന്നവർക്ക് മാത്രമാണ് 200 രൂപ മുതൽ 500 രൂപ വരെ നിരക്കിൽ കേന്ദ്ര വിഹിതം ലഭ്യമാകുന്നത്. സംസ്ഥാന വിഹിതം മാത്രമുള്ള ക്ഷേമപെൻഷൻ ഗുണഭോക്താക്കൾക്ക് സംസ്ഥാന പെൻഷന്റെ പൂർണ്ണവിഹിതത്തിന് അർഹതയുണ്ട്. 2022 ഡിസംബർ വരെ കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള മുഴുവൻ തുകയും ഒരുമിച്ച് സംസ്ഥാന സർക്കാർ ഗുണഭോക്താക്കൾക്ക് നൽകുകയും പിന്നീട് കേന്ദ്ര സർക്കാർ റീ-ഇംബേഴ്സ്മെന്റായി തിരികെ നൽകുകയുമാണ് ചെയ്തിരുന്നത്. 2023 ജനുവരി മുതൽ പെൻഷൻ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്ന രീതി കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയതോടെ സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് കേന്ദ്ര വിഹിതം കൃത്യമായി ലഭിക്കാത്ത അവസ്ഥയുണ്ടായി. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക നൽകുന്നതിലുള്ള കാലതാമസം സംബന്ധിച്ച് നിരവധി തവണ കേന്ദ്ര സർക്കാരിന്റെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടും അത് പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

(5) മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ ചികിത്സാ കേന്ദ്രം

ശ്രീ. പി. ടി. എ. റഹീം: മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ ചികിത്സാകേന്ദ്രം സ്ഥാപിക്കുന്നതിനുവേണ്ടി സൗജന്യമായി വിട്ടുകിട്ടിയ സ്ഥലം കോഴിക്കോട് ജില്ലാ പഞ്ചായത്തിന് എത്രയുംവേഗം കൈമാറാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): മാവൂർ വില്ലേജിൽ സൗജന്യമായി ലഭിച്ച ഭൂമി സർക്കാർ ഏറ്റെടുത്ത് സബ്സെന്റർ സ്ഥാപിക്കുന്നതിനായി 30 വർഷത്തേക്ക് മലബാർ ക്യാൻസർ സെന്ററിന് പാട്ടത്തിന് നൽകിയിരുന്നു. പിന്നീട് ഈ ഭൂമി കോഴിക്കോട് മെഡിക്കൽ കോളേജിനുകീഴിൽ ക്യാൻസർ സ്ക്രീനിങ് സെന്റർ ആരംഭിക്കുന്നതിനായി കൈമാറിയിരുന്നെങ്കിലും തുടർ നടപടികളുണ്ടായില്ല. പ്രസ്തുത ഭൂമി ക്യാൻസർ കെയർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്തിന് പാട്ടത്തിന് നൽകണമെന്ന പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മിഷണർക്ക് സമർപ്പിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ട് സമഗ്രമല്ലാത്തതിനാലും അധികവിവരങ്ങൾ ആവശ്യമായതിനാലും ഇക്കാര്യത്തിലുള്ള അന്തിമ റിപ്പോർട്ട് ലഭ്യമായാലുടൻ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാനും

ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിച്ചുചേർക്കാനും ലാൻഡ് റവന്യൂ കമ്മിഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(6) കിനാലൂരിൽ എയിംസിനായി ഭൂമി ഏറ്റെടുക്കൽ

ശ്രീ. കെ. എം. സച്ചിൻദേവ്: എയിംസ് സ്ഥാപിക്കാൻ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി. വിട്ടുനൽകിയ ഭൂമിക്കുപുറമെ സ്വകാര്യ വ്യക്തികളിൽനിന്നും അധികഭൂമി ഏറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്താനും പദ്ധതി പ്രദേശത്തെ നൂറിലധികം കുടുംബങ്ങൾക്ക് ഭൂമി ക്രയവിക്രയം നടത്താൻ സാധിക്കാത്ത അവസ്ഥ പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): എയിംസ് സ്ഥാപിക്കുന്നതിനായി കിനാലൂരിൽ ലഭ്യമായ 61.3424 ഹെക്ടർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്. കോഴിക്കോട് ജില്ലാ കളക്ടർ കണ്ടെത്തിയ 40.6802 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എത്രയുംവേഗം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുമായാണ് മുന്നോട്ടുപോകുന്നത്.

(7) അട്ടപ്പാടിയിലെ ഭൂമി കൈയേറ്റം

ശ്രീമതി കെ. കെ. രമ: അട്ടപ്പാടിയിലെ ആദിവാസി ഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട പട്ടികവർഗ വികസന വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നതതല അന്വേഷണം നടത്തണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): അട്ടപ്പാടിയിൽ പട്ടികവർഗക്കാർ തലമുറകളായി അനുഭവിച്ചുവരുന്ന ഭൂമി കൈവശപ്പെടുത്തുന്നവർക്കെതിരെ ശക്തമായ നിലപാടുകളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്ത് 556 ഉന്നതികളിലായി 29,139 കുടുംബങ്ങൾക്ക് 38,581.50 ഏക്കർ ഭൂമിക്ക് വനാവകാശ രേഖ നൽകുകയും വനാവകാശ രേഖ ലഭിച്ച വനഗ്രാമങ്ങളെ റവന്യൂ വില്ലേജുകളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. അട്ടപ്പാടിയിലെ ആദിവാസി ഭൂമി കൈയേറ്റം തടയുന്നതുൾപ്പെടെയുള്ള ആവശ്യങ്ങളുന്നയിച്ച് സമർപ്പിക്കപ്പെട്ട അപേക്ഷയിന്മേൽ പട്ടികവർഗ വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണനയിലാണ്. വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്ന് കൈവശാവകാശ സർട്ടിഫിക്കറ്റ്, നികുതി രസീത്, ആർ.ഒ.ആർ., എന്നിവ അനുവദിക്കാതെയാണ് ആധാരങ്ങൾ അഗളി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തുനൽകിയിട്ടുള്ളത്. സ്കെച്ച്

തയ്യാറാക്കിയ ഹെഡ് സർവെയറെ സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ആരോപണ വിധേയമായ ആധാരങ്ങൾ പോക്കുവരവ് ചെയ്ത് തണ്ടപ്പേർ അനുവദിക്കരുതെന്ന് വില്ലേജ് ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്. അഗളിയിൽ ഡിജിറ്റൽ സർവെ നടത്തുമ്പോൾ ആധാരങ്ങളുടെ ആധികാരികത പരിശോധിക്കണമെന്ന് റവന്യൂ-സർവെ ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദേശം നൽകിയിട്ടുണ്ട്. ആദിവാസികളുടെ ഭൂമി കൈവശം വയ്ക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും. നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ സർവീസിൽനിന്നും ഒഴിവാക്കുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതാണ്. ആദിവാസി മലയോര മേഖലയിലെ അർഹരായ മുഴുവൻ പേർക്കും ഭൂമിയും രേഖയും നൽകാൻ പ്രത്യേക എസ്.ഒ.പി. തന്നെ സർക്കാർ നൽകിയിട്ടുണ്ട്.

## (8) പെരിഞ്ചേരികടവ് റഗുലേറ്റർ കം ബ്രിഡ്ജ്

ശ്രീ. ടി. പി. രാമകൃഷ്ണൻ: പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പെരിഞ്ചേരികടവ് കേന്ദ്രമായി നിർമ്മിക്കുന്ന റഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തി പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാനും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് പ്രവൃത്തിയുടെ പുരോഗതി

പരിശോധിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പെരിഞ്ചേരികടവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്കായി 72.63 കോടി രൂപ അനുവദിച്ച് പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുകയും ടി പ്രദേശത്തിന്റെ സ്ഥിതിക്കനുസരിച്ച് അനിവാര്യമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ ഡിസൈനും നിരക്കും പ്രകാരമുള്ള റിങ് ബണ്ട് നിർമ്മിക്കുകയും ചെയ്തെങ്കിലും പുതുക്കിയ നിരക്കും കരാർ പ്രകാരമുള്ള നിരക്കും തമ്മിലുള്ള വ്യത്യാസം കാരണം ബിൽ പേയ്മെന്റിന് കാലതാമസമുണ്ടാകുകയും കരാറുകാരൻ കോടതിയെ സമീപിച്ച് അനുകൂല വിധി നേടുകയും ചെയ്തത് പദ്ധതിയുടെ പ്രവർത്തനത്തെ ബാധിച്ചു. കിഫ്ബിയിൽനിന്നും പുതുക്കിയ എസ്റ്റിമേറ്റിനുള്ള അംഗീകാരം ലഭിക്കുകയും കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ചെയ്യുന്നതോടെ പദ്ധതി പുനരാരംഭിക്കാൻ സാധിക്കുന്നതാണ്. കുറ്റ്യാടി, പേരാമ്പ്ര നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരുടെയും കിഫ്ബിയുടെയും കെ.ഐ.ഐ.ഡി.സി. ഉദ്യോഗസ്ഥരുടെയും യോഗം ചേരുന്നതും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമാണ്.

## (9) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ടും മെയിന്റനൻസ് ഗ്രാന്റും

ശ്രീ. അൻവർ സാദത്ത്: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ടും മെയിന്റനൻസ് ഗ്രാന്റും ഉപയോഗിച്ച് ജൽ ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ടെൻഡർ ചെയ്ത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി നീട്ടിനൽകുന്നതിന് സ്പെഷ്യൽ ഓർഡർ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ടും മെയിന്റനൻസ് ഗ്രാന്റും 3 ഗഡുക്കളായിട്ടാണ് അനുവദിക്കുന്നത്. ഈ ഇനങ്ങളിൽ ഒരു സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയാത്ത തുകയുടെ 20% വരെയുള്ള സ്പിൽ ഓവർ പ്രോജക്ടുകൾ അടുത്ത വർഷത്തെ ബജറ്റ് വിഹിതത്തിന് ഉപരിയായി ഉൾപ്പെടുത്താൻ അനുമതി നൽകുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അധിക തുക അനുവദിക്കുന്നതാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. നടപ്പുവർഷത്തെ പദ്ധതി നിർവഹണത്തിന് ഒരു സാമ്പത്തിക വർഷം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷനുമായി

ബന്ധപ്പെട്ട പദ്ധതികളുൾപ്പെടെ നിബന്ധനകൾക്കുവിധേയമായി 2025-26 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർവഹണം പൂർത്തിയാക്കാവുന്നതാണ്. അതിനാൽ ഫണ്ട് ലാപ്സാകാതിരിക്കുന്നതിന് സമയം നീട്ടിനൽകുന്നതിനുള്ള സ്പെഷ്യൽ ഓർഡർ പുറപ്പെടുവിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവാഹമില്ല.

(10) ബ്രോഡ് ബാൻഡ്, ഡിജിറ്റൽ കേബിൾ ടി.വി. വാടക നിരക്ക് ഏകീകരണം

ശ്രീ. മോൻസ് ജോസഫ്: കെ.എസ്.ഇ.ബി. ഈടാക്കുന്ന ബ്രോഡ് ബാൻഡ് ഡിജിറ്റൽ കേബിൾ ടി.വി. വാടക നിരക്ക് ഏകീകരിക്കാനും ഉയർന്ന നിരക്ക് പിൻവലിക്കാനും നടപടിയെടുക്കണം. ഉന്നതതല യോഗം വിളിച്ചുചേർത്ത് പ്രസ്തുത വിഷയം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): വൈദ്യുതി പോസ്റ്റുകളിലൂടെ കേബിൾ വലിക്കുന്നതിന് ഒരു പോസ്റ്റിന് കെ.എസ്.ഇ.ബി. ഈടാക്കുന്ന പ്രതിവർഷ വാടക കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ 300 രൂപയും ഗ്രാമപ്രദേശങ്ങളിൽ 145 രൂപയുമാണ്. കൂടാതെ മൂന്ന് ശതമാനം

വാർഷിക വർധനവും നിശ്ചയിച്ചിട്ടുണ്ട്. 2 ജി, 3 ജി, 4 ജി ഇന്റർനെറ്റ് മൊബൈൽ കണക്ഷൻ സ്ഥാപനങ്ങൾക്ക് കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ഏരിയയിൽ 506.68 രൂപയും പഞ്ചായത്തുകളിൽ 253.29 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത നിരക്ക് ഓപ്പറേറ്റർമാർ നൽകിവരുന്ന സേവനത്തെ അടിസ്ഥാനമാക്കിയാണ് ഈടാക്കുന്നത്. ഇന്റർനെറ്റ്, കേബിൾ ടി.വി. സേവനങ്ങൾ ഒരുമിച്ച് നൽകുന്നവർക്ക് ഉയർന്ന നിരക്കാണ് ബാധകം. പോസ്റ്റ് വാടകയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. ടി വിഷയങ്ങൾ പരിഹരിക്കാൻ ഉന്നതതലയോഗം വിളിച്ചുചേർക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

## (11) മലപ്പുറത്തെ വൈദ്യുതി ക്ഷാമം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: മലപ്പുറം ജില്ലയിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനും മലപ്പുറം പാക്കേജ് അടിയന്തരമായി നടപ്പാക്കാനും നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): മലപ്പുറം ജില്ലയിലെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനായി മലപ്പുറം പാക്കേജിലുൾപ്പെടുത്തി തിരൂർ

സർക്കിളിനുകീഴിൽ 62.51 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക കണക്കാക്കിയതിലെ മാനദണ്ഡങ്ങൾ ഫുൾടൈം ബോർഡിൽ വ്യക്തത വരുത്തി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാവുന്നതാണ്. തിരൂർ സർക്കിളിലെ പ്രവൃത്തികൾ ദ്യുതി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(12) തരിശ് ഭൂമികൾ കൃഷിയോഗ്യമാക്കൽ

ശ്രീ. പി. നന്ദകുമാർ: പൊന്നാനി നിയോജകമണ്ഡലത്തിലെ കോൾ മേഖലയിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും തരിശ് ഭൂമികൾ കൃഷിയോഗ്യമാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): തൃശ്ശൂർ-പൊന്നാനി കോൾ മേഖലയുടെ സമഗ്രവികസനത്തിനായി കോൾ നില വികസന ഏജൻസിയും അതോറിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കോൾ മേഖലയിലെ കൃഷി വികസനത്തിനാവശ്യമായ പഠനങ്ങൾ നടത്താൻ മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ-പൊന്നാനി കോളുകളുടെ വികസനത്തിനായി ആർ.ഐ.ഡി.എഫ്.-ന്റെ 225.23 കോടി രൂപയുടെയും ആർ.കെ.വി.വൈ.-യുടെ 43.08 കോടി രൂപയുടെയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. 298.38 കോടി

രൂപയുടെ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. തരിശ് ഭൂമികൾ കൃഷിയോഗ്യമാക്കുന്നതിന്റെ ഭാഗമായി ജലസംഭരണത്തിന് പുതിയ സ്ഥലം കണ്ടെത്തുകയും ജലസേചനത്തിനും വൈദ്യുതിക്കുമാവശ്യമായ സംവിധാനങ്ങളുണ്ടാക്കുകയും നവീകരിക്കുകയും ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

(13) നാദാപുരം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

ശ്രീ. ഇ. കെ. വിജയൻ: നാദാപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): നാദാപുരം നിയോജകമണ്ഡലത്തിലെ കുളങ്ങരത്ത്-നമ്പിത്താൻ കുണ്ട്-വാളൂക്ക്-വിലങ്ങാട് റോഡിന് 41.31 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി 54 ശതമാനം പ്രവൃത്തിയും തൊട്ടിൽപ്പാലം-കുണ്ടുതോട് റോഡിന് 31.75 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി ചെയിനേജ് 2/783 മുതൽ 6/783 വരെയുള്ള പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. പുതുക്കിയ ചെയിനേജിന് കിഫ്ബിയുടെ അനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. മലയോര ഹൈവേ-

കുഞ്ഞോം നിരവിൽപുഴ-ചുങ്കകുറ്റി-പൂതംപാറ പ്രവൃത്തിക്ക് 38.473 കോടി രൂപയുടെ സാമ്പത്തികാനുമതി റീവാലിഡേറ്റ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. മലയോര ഹൈവേയിലുൾപ്പെട്ട ചാവറമുഴി പാലം നിർമ്മാണത്തിനായി 9.289 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. വടകര-വില്ല്യാപ്പള്ളി-ചേലക്കാട് റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കായപ്പനച്ചി-കുന്നുംചിര-പുതിയങ്ങാടി പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കിവരികയാണ്. കല്ലാച്ചേരിക്കടവ് പാലം നിർമ്മാണത്തിനുള്ള സാമൂഹികാഘാത പഠന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. കോൺസ്റ്റിറ്റ്യൂവൻസി മോണിറ്ററിങ് ടീമിന്റെ നേതൃത്വത്തിൽ നാദാപുരത്തെ പ്രവൃത്തികൾ പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(14) <u>നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ജീവനക്കാരുടെ കുറവ്</u>

<u>ശ്രീ. കെ. ആൻസലൻ</u>: നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ 277 സ്ഥിരം ജീവനക്കാരുടെ അംഗീകൃത

തസ്തികകളുണ്ട്. എൻ.എച്ച്.എം., എച്ച്.എം.സി. എന്നിവ മുഖാന്തരം 142 താൽക്കാലിക ജീവനക്കാരും സേവനമനുഷ്ഠിക്കുന്നുണ്ട്. ജില്ലാ റസിഡൻസി പ്രോഗ്രാമിന്റെ ഭാഗമായി 12 പി.ജി. റസിഡന്റുമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഫോറൻസിക് മെഡിസിൻ, റേഡിയോ ഡയഗ്നോസിസ് വിഭാഗങ്ങളിൽ ജൂനിയർ കൺസൾട്ടന്റിന്റെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

(15) എം.എച്ച്.എ., എം.പി.എച്ച്. കോഴ്സുകൾ

ശ്രീ. സി. കെ. ഹരീന്ദ്രൻ: ആരോഗ്യ സർവകലാശാലയ്ക്കുകീഴിൽ എം.എച്ച്.എ., എം.പി.എച്ച്. കോഴ്സുകൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർക്കാർ മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെയും യോഗ്യരായ ഫാക്കൽറ്റികളുടെയും ലഭ്യതയുണ്ടാകുന്നമുറയ്ക്ക് എം.എച്ച്.എ., എം.പി.എച്ച്. കോഴ്സുകൾ ആരംഭിക്കുന്നതാണ്.

## IV റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

1. പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്
2. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ച് മുതൽ എട്ട് വരെയുള്ള റിപ്പോർട്ടുകൾ
3. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട്
4. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ച് മുതൽ എട്ട് വരെയുള്ള റിപ്പോർട്ടുകൾ

## V ക്രമപ്രശ്നം

### ഭരണഘടനാ വ്യവസ്ഥകളും സഭയുടെ നടപടിക്രമങ്ങളും ലംഘിക്കുന്നത് സംബന്ധിച്ച്

ശ്രീ. എൻ. ഷംസുദ്ദീൻ: നിയമസഭ ധനവിനിയോഗ ബില്ലിലൂടെ പാസ്സാക്കി നൽകുന്ന തുകയാണ് സർക്കാരിന് വിനിയോഗിക്കാൻ അനുവാദമുള്ളത്. നിയമസഭയുടെ മുൻകൂർ അനുമതിയില്ലാതെ തുക ചെലവഴിക്കേണ്ടിവരുന്ന ഘട്ടങ്ങളിൽ അത് നിയമസഭയിൽ കൊണ്ടുവന്ന്

എത്രയുംപെട്ടെന്ന് ക്രമീകരിക്കണമെന്നാണ് ഭരണഘടന വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ, അപ്രകാരം 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ അധികം ചെലവാക്കിയ തുക നാളിതുവരെയും ക്രമീകരിച്ചിട്ടില്ല. മാത്രമല്ല, 10-07-2024-ന് 2016-20 കാലയളവിലെ അധികരിച്ച തുക ക്രമീകരിച്ചത് ശരിയായ രീതിയിലല്ലെന്ന് അക്കൗണ്ടന്റ് ജനറൽ വ്യക്തമാക്കിയിട്ടുണ്ട്. അതത് സാമ്പത്തിക വർഷംതന്നെ എക്സസ് ഗ്രാന്റുകൾ ക്രമീകരിക്കണമെന്ന് 2023-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച സർക്കുലറിൽ വ്യവസ്ഥ ചെയ്തിരിക്കെ നിയമസഭയെ ബൈപ്പാസ് ചെയ്തുകൊണ്ട് എക്സിക്യൂട്ടീവ് തുക ചെലവഴിക്കുന്നത് അനുവദിക്കാൻ കഴിയില്ല. നിയമസഭ അറിയാതെ തുക അനുവദിക്കാനും ചെലവഴിക്കാനുമുള്ള അധികാരം എക്സിക്യൂട്ടീവിനില്ലെന്ന് മാത്രമല്ല, അത് യഥാസമയം ക്രമീകരിക്കുന്നതിലും വീഴ്ചവരുത്തിയിരിക്കുകയാണ്. അമിതാധികാര പ്രയോഗമാണ് എക്സിക്യൂട്ടീവ് നടത്തിയിരിക്കുന്നത്. ഈ വിഷയത്തിൽ അങ്ങ് റൂളിങ് നൽകണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സഭയിൽ സമർപ്പിക്കുന്ന അപ്രോപ്രിയേഷൻ അക്കൗണ്ടുകൾ സി.&എ.ജി. പരിശോധിച്ച് അധികമായി ചെലവഴിച്ച തുകകൾ സംബന്ധിച്ച് വിവിധ

തലങ്ങളിൽ നടക്കുന്ന പരിശോധനയുടെയും അംഗീകാരത്തിന്റെയും പി.എ.സി. റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലുള്ള തുകയാണ് ധനകാര്യ വകുപ്പ് നിയമസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. ഈ പ്രക്രിയയിൽ സ്വാഭാവികമായ കാലതാമസമുണ്ടാകുന്നുണ്ട്. 2020-21, 2021-22, 2022-23 വർഷങ്ങളിൽ നിയമസഭ അനുവദിച്ച തുകയ്ക്കുപുറമെ ചെലവാക്കിയ അധിക തുക ക്രമപ്പെടുത്തുന്നതിനുള്ള പി.എ.സി.-യുടെ ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് അത് ക്രമപ്പെടുത്തുന്നതാണ്. ഗ്രാന്റുകളുടെ പരിശോധന പൂർത്തിയാക്കി പി.എ.സി. ശിപാർശ ചെയ്യുന്ന മുറയ്ക്കാണ് ഗ്രാന്റിനുപരിയായി ചെലവഴിച്ച തുക ക്രമപ്പെടുത്തുന്നത്. ഓരോ ഗ്രാന്റുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നമുറയ്ക്ക് ആ ഗ്രാന്റുമായി ബന്ധപ്പെട്ട അധിക തുക ക്രമീകരിക്കുകയാണ് ചെയ്തുവരുന്നത്. അതിനാലാണ് ഒരു സാമ്പത്തിക വർഷമുണ്ടായ അധിക ചെലവ് പൂർണ്ണമായും ക്രമപ്പെടുത്താൻ സാധിക്കാത്തത്. 2023 മാർച്ച് 2-ന് പുറപ്പെടുവിച്ച സർക്കുലർ മുൻവർഷത്തെ അക്കൗണ്ടുകളിൽ യഥാർഥ ചെലവുകളെ സംബന്ധിച്ച് വരുത്തുന്ന ഭേദഗതികളെ സംബന്ധിച്ചുള്ളതാണ്. നിലവിലെ നടപടിക്രമങ്ങളും ഉത്തരവുകളും പാലിച്ചാണ് അധിക ഗ്രാന്റ് ക്രമീകരിച്ചിട്ടുള്ളത്.

**റൂളിങ്**

മി. സ്പീക്കർ: നിയമസഭ അനുവദിച്ച ധനാഭ്യർഥനകളിൽനിന്നും അധികരിക്കുന്ന തുകകൾ ഏതെങ്കിലും സർക്കാർ വകുപ്പുകൾ ചെലവഴിക്കുന്നപക്ഷം അപ്രകാരം അധികമായി ചെലവഴിച്ച തുക ക്രമവൽക്കരിക്കുന്നതിന് നിയമസഭയിൽ വ്യക്തമായ നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദീകരിച്ചതുപോലെ സി.&എ.ജി.-യുടെ അപ്രോപ്രിയേഷൻ അക്കൗണ്ടുകൾ പ്രകാരം നിയമസഭയുടെ മുമ്പാകെ വരുന്ന അധികരിച്ച ചെലവുകൾ സംബന്ധിച്ച നിർദേശങ്ങൾ ക്രമീകരിക്കുന്നതിന് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഇതുസംബന്ധമായ അവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും കാലതാമസം വരുത്താതെ നിർവഹിച്ചുവരുന്നുണ്ട്. നിലവിൽ ബജറ്റിനെ അധികരിച്ച ചെലവുകൾ നടപടിക്രമങ്ങൾ പാലിച്ച് ക്രമവൽക്കരിക്കുന്ന കാര്യത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി തലത്തിലോ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ തലത്തിലോ അകാരണമായ കാലതാമസമോ വീഴ്ചകളോ ശ്രദ്ധയിൽപ്പെടാത്ത സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

## VI നിയമനിർമ്മാണകാര്യം

## (1) 2025-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2025-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2025-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ എ. പ്രഭാകരൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വികസിത-അർധവികസിത രാജ്യങ്ങളുടെ ജീവിത നിലവാരത്തിലേക്ക് സംസ്ഥാനത്തെ നയിക്കുന്നതിന് ലക്ഷ്യമിട്ടും കേന്ദ്ര സർക്കാർ അടിച്ചേല്പിക്കുന്ന ഉപരോധ സമാനമായ നിയന്ത്രണങ്ങളെ അതിജീവിച്ചുമാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, സാക്ഷരത, വികേന്ദ്രീകൃത ഭരണനിർവഹണം, ദാരിദ്ര്യനിർമാർജ്ജനം, വ്യവസായ സൗഹൃദം തുടങ്ങിയ കാര്യങ്ങളിലെല്ലാം

കേരളം രാജ്യത്ത് ഒന്നാമതാണ്. മൂലധന നിക്ഷേപത്തിൽ വൻമുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. പശ്ചാത്തല സൗകര്യ വികസനത്തിനായി 87521 കോടി രൂപയുടെ നിക്ഷേപം നടത്താൻ സാധിച്ചതും ദേശീയ പാതാ വികസനത്തിനായി സ്ഥലമേറ്റെടുക്കാൻ 5580 കോടി രൂപ ചെലവഴിച്ചതും ശ്രദ്ധേയമാണ്. തൊഴിൽ മേഖലയിലും വ്യാവസായിക-കാർഷിക മേഖലയിലും പുത്തനുണർവുണ്ടാക്കാനും വൈജ്ഞാനിക സമൂഹ സൃഷ്ടിയിൽ മുന്നേറ്റമുണ്ടാക്കാനും സാധിച്ചത് അഭിമാനാർഹമാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. സർക്കാരിന്റെ കെടുകാര്യസ്ഥതമൂലം ധനകാര്യമാനേജ്മെന്റ് തകർന്നിരിക്കുകയാണ്. സാമൂഹ്യക്ഷേമ പദ്ധതികൾ തകർച്ചയിലാണ്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താനുതകുന്ന കർമ്മപദ്ധതികൾക്ക് രൂപം നൽകുന്നില്ല. സംസ്ഥാനത്തിന്റെ പൊതുകടം 4.71 ലക്ഷം കോടി രൂപയായി വർധിച്ചിരിക്കുകയാണ്. പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചതിലൂടെ വികസന പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. ന്യൂനപക്ഷ സമുദായങ്ങളുടെയും പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടെയും ന്യായമായ വിഹിതം വെട്ടിക്കുറച്ചത്

അപലപനീയമാണ്. ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുകയും എഫ്.ആർ.ബി.എം. ആക്റ്റിന്റെ മാനദണ്ഡങ്ങൾ കാറ്റിൽ പറത്തുകയുമാണ്. ആശുപത്രികളിൽ മരുന്ന് ക്ഷാമം നിലനിൽക്കുകയാണ്. ക്ഷേമ പെൻഷനുകൾ, ആശാ-അങ്കണവാടി പ്രവർത്തകരുടെ ആനുകൂല്യങ്ങൾ, ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ തുടങ്ങിയവയെല്ലാം അവതാളത്തിലായിരിക്കുകയാണ്.

ശ്രീ. വി. ശശി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സമസ്ത മേഖലകളിലും മുന്നേറാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കാനും ഗ്രാമീണ മേഖലയിലെ തൊഴിലാളികൾക്കും കർഷകത്തൊഴിലാളികൾക്കും ഉയർന്ന വേതനം ലഭ്യമാക്കാനും പി.എസ്.സി. മുഖേന 144561 ഉദ്യോഗാർഥികൾക്ക് നിയമന ശിപാർശ നൽകാനും സാധിച്ചത് എടുത്തുപറയേണ്ടതാണ്. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സാമൂഹ്യനീതി, സാമുദായിക സൗഹാർദം എന്നിവയിൽ വളർച്ച കൈവരിക്കാൻ സാധിച്ചത് കേരള മോഡൽ വികസനത്തിന്റെ പ്രത്യേകതയാണ്. കെ-ഫോൺ, സൗജന്യ പബ്ലിക് വൈഫൈ ഹോട്ട് സ്പോട്ടുകൾ എന്നിവയിലൂടെ ഓൺലൈൻ സേവനങ്ങൾ യാഥാർഥ്യമാക്കാനും വാതിൽപ്പടി സേവനങ്ങളും കെ-സ്മാർട്ട് പദ്ധതിയും സാർവത്രികമാക്കാനും നവ ഉദാരവൽക്കരണ സാമ്പത്തിക

നയങ്ങൾക്ക് ബദൽ നയം സ്വീകരിച്ചുകൊണ്ട് വികസന സൂചികയിൽ ആഗോള നിലവാരത്തിലേക്ക് ഉയരാനും കേരളത്തിന് സാധിച്ചിട്ടുണ്ട്. സാമൂഹ്യസുരക്ഷാ പെൻഷൻ, ലൈഫ് ഭവന പദ്ധതി, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം തുടങ്ങിയ ക്ഷേമ-വികസന പദ്ധതികൾക്കായി സർക്കാർ 64000 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മാനവ വികസന സൂചികയിലും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലും കേരളം ഒന്നാം സ്ഥാനത്താണ്. ആഭ്യന്തരോൽപാദനത്തിലും ഉൽപാദനക്ഷമതയിലും മികച്ച പ്രകടനമാണ് കേരളം കാഴ്ചവയ്ക്കുന്നത്. ആവർത്തിത ഊർജം, കാലാവസ്ഥാ വ്യതിയാനം, ഗ്രാമവികസനം എന്നീ മേഖലകളിലെ നവ സംരംഭങ്ങളുടെ പ്രവർത്തനത്തിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുണ്ട്. കേന്ദ്രത്തിൽനിന്ന് അർഹതപ്പെട്ട അവകാശങ്ങൾ നേടിയെടുക്കാൻ ഭരണ-പ്രതിപക്ഷാംഗങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതുണ്ട്. നവകേരള നിർമ്മിതിക്കായി വ്യവസായ വികസനം ത്വരിതപ്പെടുത്തുക, കാർഷിക നവീകരണം സാധ്യമാക്കുക, തദ്ദേശ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുക, ജീവിതശൈലീരോഗങ്ങൾ തടയുക തുടങ്ങിയ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സർക്കാരിന്റെ സാമ്പത്തിക അച്ചടക്കമില്ലായ്മയും കെടുകാര്യസ്ഥതയും സമസ്ത മേഖലയെയും ദോഷകരമായി ബാധിച്ചിരിക്കുകയാണ്. ജി.എസ്.ടി. വരുമാനം ഫലപ്രദമായി വിനിയോഗിക്കാത്തതും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്താത്തതും സാമ്പത്തിക പ്രതിസന്ധിക്കിടയാക്കിയിരിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നില്ല. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം അവതാളത്തിലായിരിക്കുന്നു. ആശാ വർക്കർമാരുടെ സമരം അവസാനിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കാത്തത് അപലപനീയമാണ്. വന്യമൃഗശല്യം ഒഴിവാക്കുന്നതിനുള്ള ഫലപ്രദമായ ഇടപെടൽ നടത്തുന്നില്ല. പോലീസ് സ്റ്റേഷനുകളിൽ മതിയായ വാഹനസൗകര്യമില്ല. മലബാർ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നില്ല. സമസ്ത മേഖലകളിലും സർക്കാരിന്റെ കെടുകാര്യസ്ഥതയാണ് കാണാൻ സാധിക്കുന്നത്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സാമ്പത്തിക ഞെരുക്കത്തിനിടയിലും മികച്ച ധനകാര്യ മാനേജ്മെന്റിലൂടെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. വികസന-

ക്ഷേമപ്രവർത്തനങ്ങളുടെ പ്രധാന ചുമതല സംസ്ഥാനത്തിനാണെങ്കിലും നികുതി വരുമാനത്തിന്റെ നേട്ടങ്ങളിൽ അധികവും കേന്ദ്രത്തിനാണ് ലഭിക്കുന്നത്. സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം നിഷേധിക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികൾ വെട്ടിക്കുറയ്ക്കുകയും വായ്പയെടുക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന കേന്ദ്ര നയത്തിനെതിരെ പ്രതിഷേധിക്കുന്നതിനുപകരം സംസ്ഥാന സർക്കാരിന്റെ കെടുകാര്യസ്ഥതയാണ് സാമ്പത്തിക പ്രതിസന്ധിക്കിടയാക്കിയതെന്ന പ്രതിപക്ഷ ആരോപണം വസ്തുതാവിരുദ്ധമാണ്. എം.എൽ.എ. ഫണ്ടുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരിക്കുന്ന ജി.എസ്.ടി ഒഴിവാക്കുന്നതിനും പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയെക്കുറിച്ച് നടത്തുന്ന തെറ്റായ പ്രചാരണങ്ങൾ അവസാനിപ്പിക്കുന്നതിനും നടപടിയെടുക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. തൊഴിൽ സാധ്യതകൾക്കനുസരിച്ച് വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ അനുവദിക്കാത്തത് ദൗർഭാഗ്യകരമാണ്. കാർഷിക മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതിനും റബ്ബർ വില സ്ഥിരതാ ഫണ്ട് വർധിപ്പിക്കുന്നതിനും നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിനും നടപടി

സ്വീകരിക്കണം. നിലവിലുള്ള ടെൻഡറുകളും എസ്റ്റിമേറ്റും ഭരണാനുമതിയും നിലനിർത്തിക്കൊണ്ടുതന്നെ ഏപ്രിൽ 1-ന് പുതിയ ഡി.എസ്.ആർ. നടപ്പാക്കുന്നതിലൂടെയുണ്ടാകുന്ന കോസ്റ്റ് ഡിഫറൻസ് പരിശോധിച്ച് ആ തുക അഡീഷണൽ അലോട്ട്മെന്റായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. വി. കെ. പ്രശാന്ത്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. നവ കേരള സൃഷ്ടിക്കായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്ന കേന്ദ്ര സർക്കാർ നിലപാട് അപലപനീയമാണ്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടില്ലെന്ന വാദം വസ്തുതാവിരുദ്ധമാണ്. 59994 പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കടക്കം പദ്ധതി വിഹിതം ലഭ്യമാക്കിയിട്ടുണ്ട്. കഴിഞ്ഞ എട്ട് വർഷംകൊണ്ട് ലൈഫ് പദ്ധതിയിലൂടെ 410000 വീടുകൾ നിർമ്മിച്ചുനൽകാൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്. ആശാ വർക്കേഴ്സിനെ തൊഴിലാളികളായി അംഗീകരിച്ച് വേതന ഘടന തയ്യാറാക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. പരമ്പരാഗത വ്യവസായ മേഖലയിൽ ഏകദേശം 580 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ

പെൻഷൻ വിതരണം ചെയ്തും പി.എസ്.സി. നിയമനങ്ങൾ കൃത്യമായി നടത്തിയും സമസ്ത മേഖലകളിലും വികസനം സാധ്യമാക്കിയും മുന്നോട്ടുപോകുന്ന സർക്കാരാണിത്.

ശ്രീ. എച്ച്. സലാം: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേന്ദ്ര വിഹിതത്തിൽ കുറവുണ്ടായിട്ടും തനത് നികുതി വരുമാനം വർധിപ്പിച്ചുകൊണ്ട് നിരവധി വികസന പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. റവന്യൂ കമ്മി, ധനക്കമ്മി, പൊതു കടം എന്നിവ കുറച്ചുകൊണ്ട് മികച്ച ധന മാനേജ്മെന്റാണ് സർക്കാർ കാഴ്ചവയ്ക്കുന്നത്. സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളെ തകർക്കാൻ ശ്രമിക്കുന്ന കേന്ദ്രസർക്കാർ നയങ്ങളെ ഭരണ-പ്രതിപക്ഷ ഭേദമന്യേ ഒറ്റക്കെട്ടായി നേരിടണം.

ശ്രീ. കെ. പ്രേംകുമാർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ തകർക്കാൻ ശ്രമിക്കുന്ന കേന്ദ്ര സർക്കാർ നയങ്ങളോട് അനുകൂല സമീപനം സ്വീകരിക്കുന്ന പ്രതിപക്ഷ നിലപാട് ഖേദകരമാണ്. ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായരംഗത്ത് 35 ശതമാനം നിക്ഷേപം കൊണ്ടുവരാനും 40 ശതമാനം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ എണ്ണത്തിൽ വർധനവുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. വ്യവസായ

സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ കേരളത്തിന് ഒന്നാം സ്ഥാനത്തെത്താൻ സാധിച്ചിട്ടുണ്ട്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിക്ക് അനുമതി നേടിയെടുക്കാനും ഗ്രാഫീൻ പാർക്ക് നിർമ്മാണത്തിനായി സ്ഥലം കണ്ടെത്താനും സാധിച്ചത് എടുത്തുപറയേണ്ടതാണ്. കേന്ദ്രസർക്കാർ വില്പന നടത്തിയ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ഏറ്റെടുത്ത് വിജയകരമായി പ്രവർത്തിപ്പിക്കുകയാണ്. ചാന്ദ്രയാൻ 3 ദൗത്യം, ആദിത്യ എൽ1 മിഷൻ എന്നിവയിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ പങ്കാളികളായി എന്നത് അഭിമാനകരമാണ്. ആരോഗ്യരംഗത്ത് അഭിമാനകരമായ നേട്ടമാണ് കൈവരിച്ചിരിക്കുന്നത്. ലൈഫ് മിഷൻ പദ്ധതി വിജയകരമാക്കാനും വിലക്കയറ്റം നിയന്ത്രിക്കാനും പി.എസ്.സി. മുഖേന ഏറ്റവും കൂടുതൽ നിയമനങ്ങൾ നടക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റാനും സാധിച്ചത് അഭിമാനകരമായ നേട്ടമാണ്. സംസ്ഥാനത്തെ ആഭ്യന്തര വരുമാനത്തിന്റെ 10 ശതമാനം വിനോദസഞ്ചാര മേഖലയിലൂടെ നേടാൻ സാധിക്കത്തക്കവിധത്തിൽ ശ്രദ്ധേയമായ പദ്ധതികളാണ് സർക്കാർ നടപ്പാക്കുന്നത്. സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ കേരളം ഒന്നാമതാണ്. ശുദ്ധജലവിതരണം, വൈദ്യുതി, ഐ.ടി.രംഗങ്ങളിലും മികച്ച പ്രവർത്തനമാണ് സർക്കാർ കാഴ്ചവച്ചിട്ടുള്ളത്.

ശ്രീ. ടി. സിദ്ദിഖ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പണം റിലയൻസ് കൊമേഴ്സ്യൽ ഫിനാൻസ് ലിമിറ്റഡിൽ നിക്ഷേപിച്ച് സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയവരെ സംരക്ഷിക്കുന്ന നിലപാട് തിരുത്തണം. ആശാ പ്രവർത്തകരുടെ സമരം അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. നികുതി വർധിപ്പിച്ച് ജനജീവിതം ദുസ്സഹമാക്കുന്ന നടപടി അവസാനിപ്പിക്കണം.

ശ്രീ. കെ. യു. ജനീഷ് കുമാർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധങ്ങൾക്കിടയിലും കൃത്യമായ ധന മാനേജ്മെന്റിലൂടെ മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനം മികവുറ്റതാണ്. ഇച്ഛാശക്തിയോടുകൂടി മുന്നോട്ടുപോകുന്ന ഭരണത്തെ സ്തംഭിപ്പിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

ശ്രീ. കെ. പി. മോഹനൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. നിക്ഷേപ സൗഹൃദ നിലപാടുയർത്തുന്ന ബജറ്റാണിതെങ്കിലും വകുപ്പുകളുടെ ഏകോപനമില്ലായ്മ പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പിന് തടസ്സമാകുന്നുണ്ട്. 5 കോടി രൂപയിൽ കൂടുതലുള്ള പദ്ധതികൾക്ക് ധനകാര്യ വകുപ്പിന്റെയും പ്ലാനിങ് ബോർഡിന്റെയും അനുമതി വേണമെന്ന

നിബന്ധനയിൽ മാറ്റം വരുത്തണം. നികുതി പിരിവ് കാര്യക്ഷമമായി നടപ്പാക്കുന്നതിലൂടെ കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കാനാകും. പാനൂർ നഗരസഭയിലുള്ള ജലവിഭവ വകുപ്പിന്റെ മൂന്നേക്കർ സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം. വിദ്യാർഥികളിലും കൗമാരക്കാരിലും യുവാക്കളിലും മാനസികവും ശാരീരികവുമായ ആരോഗ്യം ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ തുക വകയിരുത്തുകയും ജനകീയ, സുഭിക്ഷ ഹോട്ടലുകൾ തുടരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം. ലഹരിക്കെതിരെ ശക്തമായ ശിക്ഷാ നടപടികൾ സ്വീകരിക്കാനും വന്യജീവി ആക്രമണങ്ങളിൽ കൃഷി നശിക്കുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷയും സാമ്പത്തിക സഹായവും നൽകാനും നടപടി സ്വീകരിക്കണം. കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ജെൻഡർ കോംപ്ലക്സ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക വകയിരുത്തണം. പഞ്ചായത്ത് റോഡുകളുടെ നിർമ്മാണത്തിന് പഞ്ചായത്തുകൾക്ക് അധികാരം നൽകുന്ന വിധത്തിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം. എല്ലാ വകുപ്പുകളുടെ കീഴിലും ജനകീയ സമിതികൾ രൂപീകരിക്കുന്നത് കാര്യക്ഷമത വർധിപ്പിക്കുന്നതിന് സഹായകമാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. നവോത്ഥാന-സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെ നിർദേശങ്ങളും സംഭാവനകളും കേരളത്തിലെ ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ആദിവാസി ജനവിഭാഗങ്ങളുടെ യാത്രാസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും സഹായകരമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും മികച്ച ധനമാനേജ്മെന്റിലൂടെ സർക്കാർ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുകയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. നിയമസഭ അനുവദിച്ച ധനാഭ്യർത്ഥനകളിൽനിന്നും അധികരിച്ച് വരുന്ന ചെലവുകൾ നടപടികൾ പൂർത്തീകരിച്ച് യഥാസമയം ക്രമീകരിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. പദ്ധതിവിഹിതം പൂർണ്ണമായും ചെലവഴിക്കാത്തതും പദ്ധതികൾ വെട്ടിക്കുറച്ചതും പുതിയതായി പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് തുക വകയിരുത്താത്തതും അപലപനീയമാണ്. ചെലവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ കരാർ നിയമനം നടത്തണമെന്ന

നിർദേശം ദൗർഭാഗ്യകരമാണ്.

<u>ശ്രീ. വാഴൂർ സോമൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. രാജ്യത്തെ ഏറ്റവും ഉയർന്ന പ്രതിശീർഷ വരുമാനമുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന് ഏഴാം സ്ഥാനത്തെത്താൻ കഴിഞ്ഞത് അഭിമാനാർഹമാണ്. ആരോഗ്യമേഖലയിലെ സംസ്ഥാനത്തിന്റെ ചെലവ് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. നികുതിയേതര വരുമാനം വർധിപ്പിക്കാനും റവന്യൂ-ധന കമ്മി കുറച്ചുകൊണ്ടുവരാനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കേന്ദ്രസർക്കാർ ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതും കേന്ദ്രപൂളിൽനിന്നുള്ള വിഹിതം വെട്ടിക്കുറച്ചതും സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചെങ്കിലും മെച്ചപ്പെട്ട നികുതി പിരിവിലൂടെയും ചെലവുചുരുക്കൽ നടപടികളിലൂടെയും വികസന-ക്ഷേമപ്രവർത്തനങ്ങളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. കെ. വി. സുമേഷ്</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ആധുനിക വികസന കാഴ്ചപ്പാടോടെയും ജനങ്ങളുടെ ക്ഷേമത്തിന് മുൻഗണന നൽകിയും അടിസ്ഥാനസൗകര്യ വികസനത്തിലൂന്നിയ മാതൃകാപരമായ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനും വർഗീയതയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കാനും അമിത സാമ്പത്തികഭാരം അടിച്ചേല്പിക്കാനും കേന്ദ്ര സർക്കാർ നടത്തുന്ന നീക്കത്തിനെതിരെ പ്രതികരിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. നികുതി പിരിവിലുണ്ടായ കുറവ് സംസ്ഥാനത്തിന്റെ പൊതുകടം വർധിക്കാൻ കാരണമായിട്ടുണ്ട്. നെൽകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം വൻതോതിൽ വെട്ടിക്കുറച്ച നിലപാടിനോട് യോജിക്കാനാകില്ല. എം.എൽ.എ. ഫണ്ട് വർധിപ്പിക്കുന്നതിനും വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനും നടപടി സ്വീകരിക്കണം. ആശാ വർക്കർമാരുടെ സമരം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ധനവിനിയോഗ ബില്ലുമായി ബന്ധപ്പെട്ട് ഭരണ-പ്രതിപക്ഷ ഭേദമന്യേ വിശദമായ ചർച്ച നടന്നിട്ടുണ്ട്. രാജ്യത്തിന്റെ രാഷ്ട്രീയ ഭൂമിശാസ്ത്രവും സംസ്ഥാനങ്ങളുടെ അവകാശങ്ങളും ചോദ്യം ചെയ്യപ്പെടുന്ന നിലയിലുള്ള സംഭവവികാസങ്ങളാണ് സമീപകാലത്തുണ്ടായിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾ സമ്പന്നമായ സംസ്ഥാനങ്ങളെപ്പോലും സാമ്പത്തിക ഞെരുക്കത്തിലാഴ്ത്തിയിരിക്കുകയാണ്. പല കേന്ദ്ര പദ്ധതികളിൽനിന്നും പിന്നാക്കംപോകുന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചുവരുന്നത്. ഈ സാമ്പത്തിക വർഷം ട്രഷറിയിൽനിന്നും സ്റ്റേറ്റ് പ്ലാനിന്റെ 80 ശതമാനവും ഔട്ട്ഫ്ലോ ആയിട്ടുണ്ട്. നികുതി വരുമാനം 83.94 ശതമാനവും ജി.എസ്.ടി. നികുതി 86.43 ശതമാനവും നോൺ-ടാക്സ് റവന്യൂ 77.92 ശതമാനവും പിരിച്ചെടുത്തിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ എക്സ്പെൻഡിച്ചർ ബജറ്റ് എസ്റ്റിമേറ്റിന്റെ 73.11 ശതമാനമാണ്. സമസ്ത ജനവിഭാഗങ്ങൾക്കും തൊഴിലും വരുമാനവും ലഭിക്കാനുതകുന്ന വികസന പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്നത്. കഴിഞ്ഞ ഒമ്പതുവർഷക്കാലയളവിൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ വരുമാനവും ജി.എസ്.ഡി.പി. റേഷ്യോയും ഗണ്യമായി വർധിച്ചിട്ടുണ്ട്. സി. ആൻഡ്

എ.ജി. റിപ്പോർട്ട്പ്രകാരം സംസ്ഥാനത്തിന്റെ ചെലവും വരുമാനവും മുൻവർഷത്തെ അപേക്ഷിച്ച് വർധിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തികവർഷം 91515 കോടി രൂപയുടെ നികുതി വരുമാനമാണ് ലക്ഷ്യമിടുന്നത്. 2024-25 സാമ്പത്തിക വർഷത്തിലെ തനത് നികുതി-നികുതിയേതര വരുമാനം 103240 കോടി രൂപയാണ്. അടുത്ത വർഷം ഈയിനത്തിൽ 110660 കോടി രൂപയാണ് ലക്ഷ്യമിടുന്നത്. റവന്യൂ-ധന കമ്മികൾ കുറച്ചുകൊണ്ടുവരാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. രാജ്യത്താകെയുള്ള പി.എസ്.സി. നിയമനത്തിന്റെ 65 ശതമാനവും കേരളത്തിലാണ് നടക്കുന്നത്. നാഷണൽ ഹൈവേ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്നീ പദ്ധതികൾ പൂർത്തീകരണ ഘട്ടത്തിലാണ്. വിദേശരാജ്യങ്ങളിൽനിന്നും തിരികെവരുന്നവർക്ക് സ്വദേശത്ത് ജോലി ചെയ്യാൻ കഴിയുന്ന വിധത്തിൽ കേരളത്തെ മാറ്റിയെടുക്കാനുള്ള തീരുമാനവും നയങ്ങളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

2025-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2025-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ.രാജൻ</u>): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തര ഘട്ടങ്ങളും:

(i) 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ.രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): പൊതുസർവകലാശാലകളെ കരുത്തുറ്റ സംവിധാനമാക്കി മാറ്റിയെന്ന ആത്മവിശ്വാസത്തോടുകൂടിയാണ് സ്വകാര്യ സർവകലാശാലകൾ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. മൾട്ടി ഡിസിപ്ലിനറി സർവകലാശാലകൾ എന്ന നിലയിലാണ് ഇത് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. 40 ശതമാനം സീറ്റുകൾ സംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർത്ഥികൾക്ക് സംവരണം ചെയ്യേണ്ടതും നിലവിലെ സംവരണതത്വം പാലിക്കുകയും ചെയ്യേണ്ടതാണ്.

സ്പോൺസറിങ് ഏജൻസി സമർപ്പിക്കുന്ന അപേക്ഷ വിദഗ്ധ സമിതി പരിശോധിച്ച് നൽകുന്ന ശിപാർശ പ്രകാരമാണ് സർവകലാശാലകൾ ആരംഭിക്കാൻ അനുമതി നൽകുന്നത്. മെച്ചപ്പെട്ടതും ഗുണമേന്മയുള്ളതുമായ ഉന്നതവിദ്യാഭ്യാസം നൽകാൻ സാധിക്കുന്നവിധത്തിലുള്ള അധികാരങ്ങളും അവകാശങ്ങളും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. റൂൾസ് ഉണ്ടാക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായതിനാൽ സ്വകാര്യ സർവകലാശാലകൾക്കുമേൽ നിയന്ത്രണം ഉറപ്പാക്കാൻ സാധിക്കും. ഓരോ വിദ്യാർഥിക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന നിർദിഷ്ട അവകാശങ്ങളുണ്ടായിരിക്കും. വിദ്യാർഥി യൂണിയൻ ഉണ്ടായിരിക്കേണ്ടതും അതിന്റെ ഘടനയും അധികാരങ്ങളും ചുമതലയും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതുമാണെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിദ്യാർഥികളുടെ പരാതികൾ പരിഹരിക്കുന്നതിന് പരാതി പരിഹാര സംവിധാനമുണ്ടായിരിക്കണമെന്നും എൻഡോവ്മെന്റ് ഫണ്ടിലുള്ള തുക സർക്കാർ ട്രഷറിയിൽ നിക്ഷേപിക്കേണ്ടതും സർവകലാശാല പിരിച്ചുവിടുന്നതുവരെ നിലനിർത്തേണ്ടതുമാണെന്നും സർവകലാശാലയുടെ അംഗീകാരം പിൻവലിക്കാനും നയപരമായ കാര്യങ്ങളിൽ സർവകലാശാലയ്ക്ക് നിർദേശം നൽകാനും സർക്കാരിന്

അധികാരമുണ്ടായിരിക്കുമെന്നും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സ്വകാര്യ സർവകലാശാലകളെക്കൂടി പ്രയോജനപ്പെടുത്തി വിദ്യാർഥികൾക്ക് കേരളത്തിൽത്തന്നെ ഉന്നതവിദ്യാഭ്യാസം പ്രാപ്യമാക്കാനും കേരളത്തിന് പുറത്തുനിന്നുള്ള കുട്ടികളെ സർവകലാശാലയിലേക്ക് ആകർഷിക്കാനും കഴിയുന്നവിധത്തിൽ ലോകോത്തര നിലവാരമുള്ള സംവിധാനം ഉറപ്പാക്കുന്നതിന് സഹായകരമായ വിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും പിന്തുണ അഭ്യർഥിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സ്വകാര്യ സർവകലാശാലകൾക്ക് സംസ്ഥാനത്തിന്/രാജ്യത്തിന് പുറത്ത് ഓഫ് കാമ്പസ് തുടങ്ങാൻ അനുവാദം നൽകിയിരിക്കുന്ന നടപടി പിൻവലിക്കണം. സ്വകാര്യ സർവകലാശാലകളിലെ പ്രവേശനത്തിനുള്ള സംവരണമാനദണ്ഡങ്ങളിൽ നിയമസാധുതയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയില്ലെങ്കിൽ ഭാവിയിൽ നിയമപോരാട്ടത്തിലേക്ക് നയിക്കുന്ന സാഹചര്യമുണ്ടാകുകയും വിദ്യാർഥികൾക്ക് അർഹതപ്പെട്ട സംവരണാനുകൂല്യങ്ങളും വിദ്യാഭ്യാസ അവസരങ്ങളും നിഷേധിക്കപ്പെടുകയും ചെയ്യും. സംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർഥികൾക്ക് 50 ശതമാനം സീറ്റുകൾ നീക്കിവയ്ക്കാനും പിന്നാക്ക ന്യൂനപക്ഷ വിദ്യാർഥികൾക്കും

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും ഫീസ് ഇളവ്, സ്കോളർഷിപ്പ് എന്നിവ ഏർപ്പെടുത്താനുമുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. സർവകലാശാലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർഥികളല്ലാത്തവർക്ക് വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിനുമുമ്പ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ മുൻകൂർ അനുമതി ലഭ്യമാക്കണം. അധ്യാപക തസ്തികകളിൽ നിയമനം നടത്തുമ്പോൾ യു.ജി.സി. മാനദണ്ഡപ്രകാരമുള്ള യോഗ്യതയുണ്ടെന്ന് ഉറപ്പുവരുത്താനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണം. ഫീസ് വ്യവസ്ഥകൾ നിശ്ചയിക്കുന്നതിന് സ്വകാര്യ സർവകലാശാലകൾക്ക് അധികാരം നൽകുന്നത് ഫീസ് വർധിപ്പിക്കുന്ന അവസരത്തിൽ സർക്കാരിനോ റെഗുലേറ്ററി കമ്മിറ്റികൾക്കോ കോടതികൾക്കോ ഇടപെടാൻ സാധിക്കാത്ത സാഹചര്യമുണ്ടാക്കും. സ്വകാര്യ സർവകലാശാലകൾ നൽകുന്ന കോഴ്സുകളുടെയും ബിരുദങ്ങളുടെയും സുതാര്യതയും വിശ്വാസ്യതയും ഉറപ്പുവരുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് സമാനമായ ബോഡി ഉണ്ടായിരിക്കേണ്ടതാണെന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. ഗുണകരമായ വിദ്യാഭ്യാസത്തിനുതകുന്ന തരത്തിൽ ബില്ലിൽ മാറ്റങ്ങൾ വരുത്താനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സ്വകാര്യ

സർവകലാശാലകളുടെ കോഴ്സുകൾക്ക് ഫീസ് നിശ്ചയിക്കാനുള്ള അധികാരം സർക്കാരിന് നൽകുന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. സർവകലാശാലകൾ ആരംഭിക്കുന്ന ഏജൻസികളുടെ വിദ്യാഭ്യാസ രംഗത്തെ അനുഭവസമ്പത്തിനെ സംബന്ധിച്ച് പരിശോധന നടത്തണം. പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളിലെ ബി.പി.എൽ. വിദ്യാർഥികൾക്ക് ഫീസിളവ് നൽകുന്ന കാര്യം പരിഗണിക്കണം. സംവരണം സംബന്ധിച്ച വ്യവസ്ഥയിൽ കൂടുതൽ വ്യക്തത വരുത്തണം. മൾട്ടി ഡിസിപ്ലിനറി കാമ്പസിനെ സംബന്ധിച്ച നിർവചനം ബില്ലിൽ ഉൾപ്പെടുത്തണം.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലുണ്ടായ നിലവാരത്തകർച്ചയെത്തുടർന്നാണ് വിദ്യാർഥികൾ ഉപരിപഠനത്തിനായി വിദേശരാജ്യങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയുണ്ടായത്. സ്വകാര്യ സർവകലാശാല സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്പോൺസറിങ് ബോഡി ഏറ്റവും കുറഞ്ഞത് 25 കോടി രൂപയുടെ എൻഡോവ്മെന്റ് ഫണ്ട് രൂപീകരിക്കണമെന്ന ബില്ലിലെ വ്യവസ്ഥ വിദ്യാർഥികളിൽനിന്ന് വൻ തുക ഫീസ് ഈടാക്കുന്നതിന് ഇടയാക്കും. സ്പോൺസറിങ് ബോഡികൾക്ക് അക്കാദമിക രംഗത്തെ മുൻപരിചയം ഉൾപ്പെടെയുള്ള യോഗ്യതകൾ

നിശ്ചയിക്കണം. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കുകൂടി സംവരണക്രമം ബാധകമാക്കണമെന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. യു.ജി.സി. ഗൈഡ്‌ലൈൻസ് ലംഘിക്കുന്ന തരത്തിലുള്ള വ്യവസ്ഥകൾ അഴിമതിക്ക് വഴിവയ്ക്കുന്നതാണ്. സ്വകാര്യ സർവകലാശാലയുടെ പ്രവർത്തനം സംബന്ധിച്ച അവലോകന റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തണം. ബിൽ അഴിമതി വിമുക്തമായിരിക്കണമെന്നതിനാലാണ് വിയോജിപ്പ് രേഖപ്പെടുത്തുന്നത്.

ഡോ. കെ. ടി. ജലീൽ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സ്വകാര്യ സർവകലാശാല നിയമം ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ മാറ്റമാണ് ലക്ഷ്യം വയ്ക്കുന്നത്. കേരളത്തിൽ ആരംഭിച്ച സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർഥികളുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞുവരുന്ന സാഹചര്യം ഒഴിവാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടാണ് സ്വകാര്യ സർവകലാശാല ആരംഭിക്കുന്നതിന് അനുമതി നൽകാനുള്ള നിബന്ധനകളും വ്യവസ്ഥകളും

ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ബിൽ പാസ്സാക്കുന്നതിലൂടെ വിദേശ സർവകലാശാലകളടക്കമുള്ള സ്വകാര്യ സർവകലാശാലകൾ കേരളത്തിൽ ആരംഭിക്കാനാകും. സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുന്നതോടുകൂടി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ നഗരങ്ങളെ വിദ്യാഭ്യാസ ഹബ്ബായി മാറ്റാൻ സാധിക്കണം. സംസ്ഥാനത്തെ സ്വകാര്യ സർവകലാശാലകളിൽ മറ്റ് സംസ്ഥാനങ്ങളിലും രാജ്യങ്ങളിലുമുള്ള കുട്ടികൾ പഠിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും നിശ്ചിത ശതമാനം സീറ്റുകൾ മലയാളി വിദ്യാർത്ഥികൾക്കുവേണ്ടി മാറ്റിവയ്ക്കാനും സാധിക്കണം. വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സാഹചര്യങ്ങളൊരുക്കുന്നതോടൊപ്പം വിദേശത്തുനിന്നുള്ള വിദ്യാർത്ഥികളെക്കൂടി ആകർഷിക്കാനുതകുന്ന തരത്തിലുള്ള ഉന്നത വിദ്യാഭ്യാസ കേന്ദ്രമായി കേരളത്തെ മാറ്റാൻ സാധിക്കണം. സർവകലാശാലകളുടെ ഓട്ടോണമസ് ക്യാമ്പസുകൾ വിദേശ രാജ്യങ്ങളിൽ സ്ഥാപിക്കാൻ നിലവിലുള്ള സർവകലാശാല നിയമങ്ങളിൽ ഭേദഗതി വരുത്തണം.

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതനുസരിച്ച് (<u>ശ്രീ. ഇ. കെ. വിജയൻ</u>): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും)

ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയെ ശക്തീകരിക്കാനായി ആറായിരം കോടിയിലധികം രൂപയുടെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ സർവകലാശാലകൾക്ക് നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. സർവകലാശാലകളിലെ അധ്യാപക/അനധ്യാപക സംവരണത്തിലെ അപാകതകൾ പരിഹരിക്കണം. പൊതുസർവകലാശാലകളെ ശക്തീകരിക്കുന്ന പ്രവർത്തനങ്ങൾക്ക് പരമാവധി ഊന്നൽ നൽകിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ മെച്ചപ്പെടുത്താനുമുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യ വിപുലീകരണവും അക്കാദമിക ഗുണമേന്മയും ഉറപ്പാക്കിയതിന്റെ തുടർച്ചയായി ഉന്നത വിദ്യാഭ്യാസ മേഖലയിലും മികവ് കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ രാജ്യത്തിനുതന്നെ മാതൃകയാകുന്ന തരത്തിലുള്ള സമഗ്ര പരിഷ്കാരങ്ങളാണ്

നടപ്പാക്കിയിട്ടുള്ളത്. പൊതുസർവകലാശാലകളെ ശക്തീകരിക്കുന്ന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടും സ്വകാര്യ മേഖലയുടെ വിഭവങ്ങൾ പ്രയോജനപ്പെടുത്തിയും ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. NAAC അക്രെഡിറ്റേഷൻ ഗ്രേഡിങ്ങിലും NIRF, TIMES, QS തുടങ്ങിയ റാങ്കിങ്ങിലും സംസ്ഥാനത്തെ പൊതുസർവകലാശാലകൾക്ക് മികച്ച മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിലെ സർവകലാശാലകളെയും കോളേജുകളെയും ശക്തിപ്പെടുത്തുന്നതിനാണ് പ്രഥമ പരിഗണന നൽകുന്നത്. വിദ്യാർഥികൾക്ക് ഉന്നതവിദ്യാഭ്യാസ സേവനങ്ങൾ ലഭ്യമാക്കുക, ജനാധിപത്യപരമായ വികേന്ദ്രീകരണം ശക്തിപ്പെടുത്തുക, ഉന്നതവിദ്യാഭ്യാസ പരിഷ്കരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുക, പൊതു സർവകലാശാലകളെ ശക്തിപ്പെടുത്തുക, സാമൂഹ്യ നിയന്ത്രണം ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. സർക്കാരിന്റെ കൃത്യമായ ഇടപെടലും മേൽനോട്ടവും സാധ്യമാകുന്ന വിധത്തിലുള്ള നിബന്ധനകളും സാമൂഹ്യനിയന്ത്രണത്തിനുള്ള സംവിധാനങ്ങളും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള, എം.ജി., കൊച്ചി സർവകലാശാലകളിൽ ലാബ് കോംപ്ലക്സുകൾ നിർമ്മിക്കാനും റിസർച്ച്

മേഖലയിൽ നേട്ടം കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇന്റർ ഡിസിപ്ലിനറി മോഡിലുള്ള റിസർച്ചിനെയും ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളെയും പ്രോത്സാഹിപ്പിച്ചുകൊണ്ട് ധീഷണാശാലികളായിട്ടുള്ള വിദ്യാർഥികളെ സൃഷ്ടിക്കാൻ സാധിക്കുന്നുണ്ട്. കേരളത്തിലെ പൊതുമേഖലാ സംവിധാനങ്ങളെയും യൂണിവേഴ്സിറ്റികളെയും ഗവൺമെന്റ് കോളേജുകളെയും ശക്തീകരിച്ചുകൊണ്ടുതന്നെയാണ് മുന്നോട്ടുപോകുന്നത്. ബില്ലിൽ ജെൻഡർ ഇക്വാലിറ്റി സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടുണ്ട്. മികച്ച വിദ്യാഭ്യാസ സാഹചര്യങ്ങൾ ഉറപ്പാക്കിക്കൊണ്ട് യുവതലമുറയെ സംസ്ഥാനത്തുതന്നെ പിടിച്ചുനിർത്താനും സംസ്ഥാനത്തിനും രാജ്യത്തിനും പുറത്തുനിന്നുള്ള വിദ്യാർഥികളെ ആകർഷിക്കാനും കഴിയുന്നവിധത്തിലുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ ബില്ലിൽ യു.ജി.സി. റെഗുലേഷന് വിരുദ്ധമായ ഒരു വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല. സംവരണാനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടെങ്കിൽ സർക്കാരിന് ഇടപെടാൻ സാധിക്കുന്ന വിധത്തിലുള്ള എനേബ്ലിങ് പ്രൊവിഷനും ഉൾപ്പെടുത്തിയിട്ടുണ്ട്. അക്കാദമിക മേഖലയിലെ മുൻപരിചയവും കഴിവും തെളിയിക്കുന്ന ഏജൻസികൾക്കുമാത്രമേ സ്വകാര്യ സർവകലാശാല ആരംഭിക്കുന്നതിന് അനുമതി നൽകുകയുള്ളൂ. പൊതുയൂണിവേഴ്സിറ്റികളെയും

പൊതുകലാലയങ്ങളെയും ശക്തീകരിച്ചുകൊണ്ട് സാമൂഹ്യവും സാമ്പത്തികവുമായി പിൻനിരയിൽ നിൽക്കുന്ന പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽനിന്നുള്ള വിദ്യാർഥികൾക്ക് മികച്ച സാഹചര്യങ്ങൾ ഉറപ്പാക്കിക്കൊണ്ടും ഫെലോഷിപ്പും സ്കോളർഷിപ്പും പ്രതിഭാ പുരസ്കാരവും ഉൾപ്പെടെ നൽകിക്കൊണ്ടുമാണ് സ്വകാര്യമേഖലയുടെ പ്രവേശനം അനുവദിക്കുന്നത്. സംസ്ഥാനത്ത് ബഹുഭൂരിപക്ഷം വരുന്ന വിദ്യാർഥികളുടെ ഉന്നമനം ലക്ഷ്യമാക്കി നിരവധി പദ്ധതികളും പരിഷ്കാരങ്ങളും ആവിഷ്കരിക്കുന്നതാണ് ഈ ബിൽ. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ഇന്ന് പരിഗണിക്കാനിരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ സമയപരിമിതിമൂലം നാളെ പരിഗണിക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും)

ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1394. ഖണ്ഡം 2 (എച്ച്)-ൽ "അദ്ധ്യാപകനും" എന്നതിന് പകരം "അദ്ധ്യാപകരും" എന്ന് ചേർക്കുക.

1395. ഖണ്ഡം 2 (എം)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം "ഓഫീസർ" എന്ന് ചേർക്കുക.

1396. ഖണ്ഡം 2 (ഇസഡ്ഐ)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം "സർവ്വകലാശാലയുടെ വൈസ്-ചാൻസലർ" എന്ന് ചേർക്കുക.

177, 179, 180, 182, 184, 189, 192, 194, 195, 196, 202, 204, 208, 209, 212, 214, 220, 221, 223, 230, 231, 233, 237, 238, 239, 240, 241, 243, 244, 245, 249, 251, 252, 253, 254, 255, 256, 258, 259, 261, 262, 263, 264, 268, 270, 272, 274, 276, 279, 282, 285, 287, 288 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

187. ഖണ്ഡം 2(എഫ്)-ൽ "അയാളുടെ" എന്നതിന് പകരം "അദ്ദേഹത്തിന്റെ" എന്ന് ചേർക്കുക.

193. ഖണ്ഡം 2(ജി)-ൽ "ഒരു" എന്ന വാക്ക് വരുന്നിടത്തെല്ലാം അത് ഒഴിവാക്കുക.

207. ഖണ്ഡം 2(പി)-ൽ "ആക്റ്റിലെയോ" എന്നതിന് മുൻപായി "ഈ" എന്ന് ചേർക്കുക.

222. ഖണ്ഡം 2(ക്യൂ)-ൽ "അതുമായി ബന്ധപ്പെട്ടതോ" എന്നത് ഒഴിവാക്കുക.

246. ഖണ്ഡം 2 (ഡബ്ല്യൂ)-ൽ "തുടങ്ങിയ" എന്നതിന് ശേഷം "ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട" എന്ന് ചേർക്കുക.

269. ഖണ്ഡം 2 (ഇസഡ് ഡി)-ൽ " പഠന കോഴ്സിനായി" എന്നതിന് പകരം "പഠന കോഴ്സിനോ ഗവേഷണത്തിനോ ആയി" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

272. ഖണ്ഡം 2(ഇസഡ്എഫ്)-ൽ " അദ്ധ്യാപകൻ" എന്നതിന് പകരം " അദ്ധ്യാപകർ" എന്നും "ഒരു വ്യക്തി" എന്നതിനുപകരം "അദ്ധ്യാപകർ" എന്നും ചേർക്കുക.

289. ഖണ്ഡം 2 (ഇസഡ് ഐ)-യ്ക്ക് ശേഷം താഴെപ്പറയുന്നവ ചേർക്കുക:

(i) "(ഇസഡ് ജെ) "എൻഡോവ്മെന്റ് ഫണ്ട്" എന്നാൽ ഈ

ആക്റ്റിലെ 49-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഫണ്ട് എന്നർത്ഥമാകുന്നു."

(ii) "(ഇസഡ് കെ) "പൊതുഫണ്ട്" എന്നാൽ ഈ ആക്റ്റിലെ 50-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഫണ്ട് എന്നർത്ഥമാകുന്നു."

(iii) "(ഇസഡ് എൽ) "വികസന ഫണ്ട്" എന്നാൽ ഈ ആക്റ്റിലെ 51-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഫണ്ട് എന്നർത്ഥമാകുന്നു."

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

180. ഖണ്ഡം 2(ഡി)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം " സർവ്വകലാശാലയുടെ ചാൻസലർ " എന്ന് ചേർക്കുക.

182. ഖണ്ഡം 2(ഇ)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം "ഓഫീസർ" എന്ന് ചേർക്കുക.

184.ഖണ്ഡം 2(എഫ്)-ൽ "തലവൻ" എന്നതിന് പകരം "മേലധികാരി" എന്ന് ചേർക്കുക.

202.ഖണ്ഡം 2 (എൽ)-ൽ " ഫൈനാൻസ്" എന്ന് വരുന്നിടത്തെല്ലാം " ഫിനാൻസ്" എന്ന് ചേർക്കുക.

204. ഖണ്ഡം 2 (എം)-ൽ " ഫൈനാൻസ്" എന്നതിന് പകരം " ഫിനാൻസ്" എന്ന് ചേർക്കുക.

230. ഖണ്ഡം 2(ആർ)-ൽ, " സാമൂഹ്യശാസ്ത്രം," എന്നതിന് ശേഷം " ശാസ്ത്രം," എന്ന് ചേർക്കുക.

240. ഖണ്ഡം 2(യു)-ൽ " ഉദ്യോഗസ്ഥൻ" എന്നതിന് പകരം " ഓഫീസർ" എന്ന് ചേർക്കുക.

241. ഖണ്ഡം 2(വി)-ൽ " ഉദ്യോഗസ്ഥൻ" എന്നതിന് പകരം " ഓഫീസർ" എന്ന് ചേർക്കുക.

243. ഖണ്ഡം 2(ഡബ്ല്യൂ)-ൽ " യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ," എന്നതിന് ശേഷം " മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ" എന്ന് ചേർക്കുക

251. ഖണ്ഡം 2 (വൈ)-ൽ "ചേർത്തിട്ടുള്ള" എന്നതിന് പകരം "8-ാം വകുപ്പു പ്രകാരം ചേർക്കുന്ന" എന്ന് ചേർക്കുക.

263. ഖണ്ഡം 2(ഇസഡ്ബി)-ൽ "സർക്കാർ" എന്നതിന് മുമ്പ് "സംസ്ഥാന" എന്ന് ചേർക്കുക.

285. ഖണ്ഡം 2(ഇസഡ്എച്ച്) താഴെപ്പറയും പ്രകാരം മാറ്റുക :

‘ (ഇസഡ്എച്ച്) "സർവ്വകലാശാല" എന്നാൽ 8-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട സ്വകാര്യ സർവ്വകലാശാല എന്നർത്ഥമാകുന്നു.’

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മൂന്നാം വകുപ്പ്

295, 298, 299, 303, 304, 305, 307, 308, 309, 310, 314, 315, 316, 317, 319, 322, 324, 325, 327, 328, 329, 330, 336, 338, 340, 341, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി 306-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

306. ഖണ്ഡം 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ " സംസ്ഥാനത്തിന് പുറത്തും" എന്നതിന് മുമ്പിൽ " സംസ്ഥാനത്തിനകത്തും" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

329. ഖണ്ഡം 3(3)-ൽ "അധികാരമുണ്ടായിരിക്കുന്നതല്ലാത്തതുമാണ്" എന്നതിന് പകരം " അധികാരമില്ലാത്തതുമാണ്" എന്ന് ചേർക്കുക.

330. ഖണ്ഡം 3(3)-ന്റെ ക്ലിപ്തനിബന്ധനകൾ ഒഴിവാക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച

ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

346, 347, 350, 352, 354, 357, 358, 359, 360, 361, 362, 363, 366, 367, 371, 372, 373, 374, 378, 379, 380, 381, 382, 383, 384, 399, 401, 402, 404, 405, 406, 407, 408, 410, 411, 413, 415, 416, 417, 418, 420, 422, 423, 425, 426, 427, 429, 430, 431, 437, 438, 439, 440, 441, 442, 443, 444, 445, 447, 448, 451, 453, 454, 455, 456, 457 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

409. ഖണ്ഡം 4 (സി)-ൽ " ഏറ്റവും" എന്നത് ഒഴിവാക്കുക.

424. ഖണ്ഡം 4 (എഫ്)-ൽ “ പ്രൊവിഡന്റ് ഫണ്ട്” എന്നതിന് പകരം “ പ്രോവിഡന്റ് ഫണ്ടും മെഡിക്കൽ ഇൻഷ്വറൻസും " എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

345. ഖണ്ഡം 4(എ)-ൽ "ഏറ്റവും കുറഞ്ഞത് ഇരുപത്തിയഞ്ച് കോടി രൂപയുടെ" എന്നതിന് പകരം "ഇരുപത്തിയഞ്ച് കോടി രൂപയിൽ കുറയാത്ത" എന്ന് ചേർക്കുക.

365. ഖണ്ഡം 4(ബി)-ൽ "അനുശാസിച്ചിട്ടുള്ളത്" എന്നതിന് പകരം "അനുശാസിക്കുന്നത് " എന്ന് ചേർക്കുക.

367. ഖണ്ഡം 4(ബി)-യുടെ ഒന്നാം ക്ലിപ്തനിബന്ധന ഒഴിവാക്കുക.

384. ഖണ്ഡം 4(ബി)-യുടെ മൂന്നാം ക്ലിപ്തനിബന്ധനയിൽ
“ പ്രാപല്യത്തിലുള്ള” എന്നതിന് പകരം
“ പ്രാബല്യത്തിലുള്ള” എന്ന് ചേർക്കുക.

406. ഖണ്ഡം 4 (സി)-ൽ “ കുറഞ്ഞത് ഇരുപത്തിനാലായിരം ചതുരശ്ര മീറ്റർ കാർപ്പറ്റ് ഏരിയയുള്ള” എന്നതിന് പകരം "ഇരുപത്തിനാലായിരം ചതുരശ്രമീറ്റർ കാർപ്പറ്റ് ഏരിയയിൽ കുറയാത്ത” എന്ന് ചേർക്കുക.

456. ഖണ്ഡം 4(ജെ)-ൽ “ രീതിയിലും, സമയക്രമവും അനുസരിച്ച്” എന്നതിന് പകരം “ രീതിയിൽ സമയബന്ധിതമായി” എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതിയോടെ സ്വീകരിച്ചു

426. ഖണ്ഡം 4(ജി)-ൽ, “ പൊതുമണ്ഡലത്തിൽ അറിയിക്കുകയും”

എന്നതിന് പകരം "  പൊതുമണ്ഡലത്തിൽ പ്രസിദ്ധീകരിക്കുകയും"  എന്ന് ചേർക്കുക.

444. ഖണ്ഡം 4(ഐ)-ൽ "പട്ടികജാതി പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ട"എന്നതിന് പകരം "പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലുംപെട്ട"  എന്ന്  ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1397. ഖണ്ഡം 5(2)(എഫ്) താഴെപ്പറയും പ്രകാരം മാറ്റുക:

" (എഫ്) സ്പോൺസറിംഗ് ബോഡിയുടെ അക്കാദമിക് സൗകര്യങ്ങളുടെ വിശദാംശങ്ങൾ;"

460, 462, 463, 468, 473, 474, 476, 482, 483, 485, 486, 487, 489, 491, 494, 496, 498, 502, 513, 514, 515, 517, 519 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു

477. ഖണ്ഡം 5(2)-ൽ " അടങ്ങിയിരിക്കേണ്ടതാണ് എന്നതിന് പകരം " ഉൾപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

492. ഖണ്ഡം 5(2)(ജി)-ൽ "ഉപകരണങ്ങളുടെ ആർജ്ജനം" എന്നതിന് പകരം "ഉപകരണങ്ങൾ ആർജ്ജിക്കൽ" എന്ന് ചേർക്കുക.

497. ഖണ്ഡം 5(2)(ഐ)-ൽ "നൂതന" എന്നതിന് ശേഷം "പഠന" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

460. ഖണ്ഡം 5(1)-ൽ " ബോഡിയും" എന്നതിന് ശേഷം "നിർണയിക്കപ്പെടുന്ന പ്രകാരം" എന്ന് ചേർക്കുക.

486. ഖണ്ഡം 5(2)(ഡി)-ൽ "പ്രവർത്തി പരിചയവും" എന്നതിന് പകരം "പ്രവൃത്തി പരിചയവും" എന്ന് ചേർക്കുക.

487. ഖണ്ഡം 5(2)(ഇ)-ൽ "സ്ഥലം" എന്നതിന് പകരം "മേൽവിലാസം" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

523, 524, 525, 529, 530, 535, 536, 538, 539, 540, 542, 544, 547, 548, 549 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

522. ഖണ്ഡം 6(1)-ൽ " നിന്ന്" എന്നതിന് ശേഷം " 5-ാം വകുപ്പ് പ്രകാരം" എന്നത് ചേർക്കുക.

528. ഖണ്ഡം 6(2)(ii)-ൽ “ സംസ്ഥാന പൊതു സർവ്വകലാശാലയുടെ ഒരു” എന്നതിന് പകരം “ സംസ്ഥാനത്തെ ഏതെങ്കിലും ഒരു പൊതു സർവ്വകലാശാലയുടെ” എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

524. ഖണ്ഡം 6(2)-ൽ “ അടങ്ങിയിരിക്കേണ്ടതാണ് ” എന്നതിന് പകരം “ ഉണ്ടായിരിക്കേണ്ടതാണ്” എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

549. ഖണ്ഡം 6(4)-ന്റ ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക "എന്നാൽ, ന്യായമായ കാരണങ്ങൾ ഉണ്ടെന്ന് സർക്കാരിന് ബോധ്യപ്പെടുന്നപക്ഷം ശിപാർശ നൽകുന്നതിന് പരമാവധി "രണ്ടുമാസം കൂടി വിദഗ്ധ സമിതിക്ക് അനുവദിക്കാവുന്നതാണ്."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

551, 552, 555, 556, 558, 559, 564, 570, 573, 579, 580, 582, 583 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

566. ഖണ്ഡം 7(2)-ൽ "ബോഡിയെ" എന്നതിന് ശേഷം "രേഖാമൂലം" എന്ന്  ചേർക്കുക.

584. ഖണ്ഡം 7(4)-ൽ, “വീഴ്ചവരുത്തിയാൽ”   എന്നതിന് പകരം "വീഴ്ച വരുത്തുന്നപക്ഷം”   എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

588, 592, 595 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

592. ഖണ്ഡം 8-ൽ " സ്ഥാനം" എന്നതിന് പകരം " സ്ഥലം, മേൽവിലാസം" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒമ്പതാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1398. ഖണ്ഡം 9(2)-ൽ "പരാമർശിച്ചിരിക്കുന്ന" എന്നതിന് പകരം "വ്യവസ്ഥ ചെയ്തിട്ടുള്ള" എന്ന് ചേർക്കുക.

601, 602, 605, 609 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പത്താം വകുപ്പ്

615, 616, 621, 622, 624, 625, 626, 627, 630, 631, 633, 634, 637 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

621. ഖണ്ഡം 10-ൽ " പാടില്ലാത്തതും" എന്നതിന് ശേഷം " ആയതിന് അർഹതയില്ലാത്തതുമാണ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

639, 643, 644, 648, 650, 651, 652, 654, 655, 657, 658, 660, 661, 666, 668, 670, 672, 674, 676, 677, 679, 683, 684, 688, 689, 695, 697, 701, 708, 711, 713, 718, 720, 721, 723, 727, 729, 731, 738, 740, 742, 743, 745, 749, 750, 751, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

646. ഖണ്ഡം 11(എ)-ൽ "പുരോഗമിപ്പിക്കുന്നതിലേയ്ക്കും" എന്നതിന് പകരം "മെച്ചപ്പെടുത്തുന്നതിലേയ്ക്കും" എന്ന് ചേർക്കുക.

694. ഖണ്ഡം 11 (ജെ)-ൽ " സംഘടനയിലോ" എന്നതിന് പകരം " പഠന ഗവേഷണ സ്ഥാപനത്തിലോ" എന്ന് ചേർക്കുക.

716. ഖണ്ഡം 11(ക്യൂ)-ൽ, " സർവ്വകലാശാലയിലേയ്ക്കുള്ള" എന്നതിന് പകരം "സർവ്വകലാശാലയിലെ വിവിധ കോഴ്സുകളിലേയ്ക്കുള്ള" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

643. ഖണ്ഡം 11(എ)-ൽ "അറിവും" എന്നതിന് ശേഷം "നൈപുണ്യവും" എന്ന് ചേർക്കുക.

644. ഖണ്ഡം 11(എ)-ൽ "വൈദഗദ്ധ്യവും" എന്നതിന് പകരം "വൈദഗ്ദ്ധ്യവും" എന്ന് ചേർക്കുക.

650. ഖണ്ഡം 11(ബി)-ൽ "മാനവികം" എന്നതിന് ശേഷം "ശാസ്ത്രം" എന്ന് ചേർക്കുക.

731. ഖണ്ഡം 11(എസ്)-ൽ "അച്ചടക്കം" എന്നത് ഒഴിവാക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

742. ഖണ്ഡം 11 (വി)-ൽ " വസ്തുവകകളിന്മേൽ" എന്നതിന് ശേഷം " 4-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത വിധത്തിൽ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ

ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ്</u>

755, 759, 760, 761, 762, 764, 765, 766, 767, 769, 770, 784, 786, 787, 788, 789, 790, 793, 797, 798, 799, 800, 801, 802, 807, 808 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

777. ഖണ്ഡം 12(3)-ൽ "വിഭാഗങ്ങളിലുമുള്ള" എന്നതിന് പകരം "പഠന കോഴ്സുകളിലുമുള്ള" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

790. ഖണ്ഡം 12-ന്റെ വിശദീകരണം (i)-ൽ " മുൻപുള്ള" എന്നതിന് ശേഷം "തുടർച്ചയായ" എന്ന് ചേർക്കുക.

800. ഖണ്ഡം 12-ന്റെ (ii)-ാം വിശദീകരണം ആരംഭിക്കുന്നതിന് മുൻപായി " അല്ലെങ്കിൽ," എന്ന വാക്കും ചിഹ്നവും ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിമൂന്നാം വകുപ്പ്

807, 808 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാലാം വകുപ്പ്

810, 811, 812, 813, 815, 816, 818, 819, 824, 825, 827, 828, 832 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

820. ഖണ്ഡം 14(2)-ൽ "വഹിക്കേണ്ടതാണ്."എന്ന വാക്കിനും ചിഹ്നത്തിനും പകരം "വഹിക്കേണ്ടതാണ്:"എന്ന വാക്കും ചിഹ്നവും

ചേർക്കുക.

826. ഖണ്ഡം 14(5)(എ)-ൽ "വിളിച്ചുവരുത്തുക" എന്നതിന് പകരം "ആവശ്യപ്പെടുകയോ വിളിച്ചുവരുത്തുകയോ ചെയ്യുക" എന്ന് ചേർക്കുക.

മന്ത്രി താഴെ പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

819. ഖണ്ഡം 14(2)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

"എന്നാൽ, ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് അഞ്ചു വർഷത്തേക്കുള്ള ഒരു അധിക കാലയളവിലേക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്"

832. ഖണ്ഡം 14(5)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(6) ചാൻസലറുടെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനഞ്ചാം വകുപ്പ്</u>

836, 839, 840, 841, 842, 844, 845, 846, 848, 849, 851, 852, 853, 857, 858, 860, 861, 862, 863 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

850. ഖണ്ഡം 15 (7)-ൽ "സസ്പെന്റ് ചെയ്യുകയോ" എന്നതിന് ശേഷം "അയാൾക്ക് പറയുവാനുള്ളത് പറയുവാൻ അവസരം നൽകിയ ശേഷം" എന്ന് ചേർക്കുക.

മന്ത്രി താഴെ പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

842. ഖണ്ഡം 15 (5)-ൽ "ചെയ്യുന്നത് " എന്നതിന് പകരം "ചെയ്യുന്നുവെന്ന് " എന്ന് ചേർക്കുക.

844. ഖണ്ഡം 15 (6)-ൽ "അടിയന്തരാവസ്ഥ" എന്നതിന് പകരം "അടിയന്തര സാഹചര്യം" എന്ന് ചേർക്കുക.

846. ഖണ്ഡം 15 (6)-ൽ "ചെയ്യേണ്ടതുമാണ്" എന്നതിന് പകരം "ചെയ്യേണ്ടതും സാധൂകരണം ആവശ്യമെങ്കിൽ ആയത് നേടേണ്ടതുമാണ് " എന്ന് ചേർക്കുക.

849. ഖണ്ഡം 15 (7)-ൽ "ജീവനക്കാരനെ" എന്നതിന് പകരം "ജീവനക്കാരെ" എന്ന് ചേർക്കുക.

857. ഖണ്ഡം 15(10)-ൽ " ശമ്പളവും" എന്നതിന് ശേഷം "ആനുകൂല്യങ്ങളും" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

865, 866, 870, 872, 874, 876, 878 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

869. ഖണ്ഡം 16(3)-ൽ " മുഴുവൻ സമയ ശമ്പളം പറ്റുന്ന" എന്നതിന് പകരം " ശമ്പളം പറ്റുന്ന മുഴുവൻ സമയ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനേഴാം വകുപ്പ്</u>

882, 886, 891, 893, 894, 896, 898, 899 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

893. ഖണ്ഡം 17(5)-ൽ " ഒപ്പു" എന്നതിന് പകരം "ഒപ്പ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

(സഭയുടെ പൊതുവായ സമവായത്തിന്റെ അടിസ്ഥാനത്തിൽ ബില്ലിന്റെ തുടർ വകുപ്പുകളുടെ പരിഗണന 25-03-2025-ലേക്ക് മാറ്റിവച്ചു.)

സഭ വൈകുന്നേരം 6.20-ന് പിരിഞ്ഞു.

******